
സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 44 | ലക്കം 4 | 2017 നവംബർ 25

## അമ്പലപ്പുഴയിലെ പരസ്പരാനന്ദ സംഗമം (17.09.17)

വരൂ സുഹൃത്തേ, ഈ തോരാത്ത മഴയത്ത് അമ്പലപ്പുഴ സന്ദർശനിൽ ദർശനം മിത്രങ്ങൾ എന്താണ് ചെയ്യുന്നതെന്ന് നമുക്കൊന്ന് നോക്കാം.

രാവിലെ 9.30 അതാ ഗിരിജാ ശങ്കറും, അപ്പുക്കുട്ടൻ സാറും കൂടി പരസ്പരാനന്ദ യാത്രാ ബാനറുമേന്തി കച്ചേരിമുക്കിൽ നിന്നും മഴയത്ത് നടന്ന് സന്ദർശനിലേയ്ക്ക് എത്തുന്നു. മഴ നനയാനുള്ള മടി കൊണ്ട് പദയാത്ര ഉപേക്ഷിച്ച ഞങ്ങൾക്ക് ഇത് ഒരു ഉണർവ്വും പാഠവുമായി. പ്രതികൂല സാഹചര്യങ്ങളിലൂടെ ആൾബലത്തിന്റെ പിന്തുണ കൂടാതെയാണല്ലോ ദർശനം ഇവിടെ വരെ എത്തിയത്. പദയാത്ര സന്ദർശനിൽ എത്തിയപ്പോൾ അവരോടൊപ്പം ഞങ്ങളും നിന്ന് ഫോട്ടോയ്ക്ക് പോസ് ചെയ്തു. ഇതു തന്നെയാണ് ഇന്ന് ലോകത്ത് നടക്കുന്നതും.

കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ദർശനം സുഹൃത്തുക്കൾ എത്തി തുടങ്ങി. സന്ദർശന്റെ താഴത്തെ നിലയിൽ സജ്ജീകരിച്ചിരിക്കുന്ന ഹാളിലേയ്ക്ക് എല്ലാവരും കടന്നിരുന്നു. അച്ഛന്റെ പുസ്തകങ്ങളും കലണ്ടറും പ്രദർശനത്തിന് വെച്ചിട്ടുണ്ട്. ഇതിന് പടിഞ്ഞാറു വശമാണ് പാചകശാല. തെക്കുവശം പന്തലിട്ട് ഭക്ഷണശാലയും തയ്യാറാക്കിയിട്ടുണ്ട്. എല്ലാവരും വന്ന് പ്രഭാതഭക്ഷണം കഴിച്ചു. ദർശനം മിത്രങ്ങൾക്ക് സ്മരണാഞ്ജലിയോടനുബന്ധിച്ച്

ഭോജനം നൽകിക്കൊണ്ട് സന്ദർശൻ കാറ്ററിംഗ് വിഭാഗവും ഇന്ന് ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. ഇനി യോഗം ആരംഭിക്കാം. ഡോ. അമ്പലപ്പുഴ ഗോപകുമാർ കുറുപ്പുസാറിന്റെ ചിത്രത്തിന് മുമ്പിൽ നിലവിളക്കിൽ ദീപം തെളിയിച്ച് പുഷ്പാർച്ചന നടത്തി. എല്ലാവരും വന്ന് പുഷ്പങ്ങളർപ്പിച്ചു. എന്നാൽ കുറുപ്പു സാറിന് ഈ പൂക്കളിലും പ്രിയങ്കരം മൈത്രീഭാവനാ പുഷ്പങ്ങളാണ്. അതിനാണ് നാം ഇന്നിവിടെ കൂടിയിരിക്കുന്നത്. ഇന്നത്തെ പരിപാടികൾ നടക്കുന്നത് സന്ദർശന്റെ മുകളിലത്തെ നിലയിലുള്ള വിശാലമായ ഹാളിലാണ്. എല്ലാവരും അങ്ങോട്ട് കടന്നിരുന്നു. ഈ മഴയത്തും ഇവിടെ ഇപ്പോൾ നൂറിലേറെപ്പേർ എത്തിയിട്ടുണ്ട്. അതിലേറെപ്പേർ മഴ കാരണം വരാൻ കഴിയില്ല എന്നറിയിക്കുകയും ചെയ്തു. അവർക്കും കൂടിയാണ് ഈ ലഘു വിവരണം.

ശ്രീ. ഹംസ എ. കുഴുവേലി ദർശനം കൂടിച്ചേരലിന്റെ പ്രാധാന്യം വിവരിച്ചു കൊണ്ട് എല്ലാവർക്കും സ്വാഗതം പറഞ്ഞു. സ്റ്റേജിന്റെ ചുമതലക്കാരനായി നിന്ന് ഹംസാസാർ ഓരോരുത്തരേയും വേദിയിലേയ്ക്ക് ക്ഷണിച്ചു. കാക്കാഴത്ത് വേണുകുമാറിന്റെ മകൾ വീണ മാധുര്യത്തോടെ പ്രാർത്ഥനാ ഗാനം ആലപിച്ചു. തുടർന്ന് കുറുപ്പു സാറിന്റെ ലക്ഷ്യവും മാർഗ്ഗവും എന്ന ലേഖനം വീണ തന്നെ ശ്രദ്ധയോടെ സദസ്സിനെ വായിച്ചു കേൾപ്പിച്ചു. പുറത്ത് ഭൂമിയുടെ ഐശ്വര്യമായി മഴ തിമിർത്ത് പെയ്യുന്നു. അകത്ത് ലോക പ്രശ്നങ്ങളുടെ പരിഹാരമായി ഓരോരുത്തരും സ്വന്തം മനസ്സിൽ മറ്റുള്ളവരെ വേണ്ടപ്പെട്ടവർ എന്ന നിലയിൽ ഭാവന ചെയ്യുവാനുള്ള ആഹ്വാനം മുഴങ്ങുന്നു. ഇവിടെ അന്യരായി ആരുമില്ല. എല്ലാവരിലും ഒരേ ജീവൻ തുടിക്കുന്നു. മനസ്സിൽ ആർദ്രത ഉണ്ടാക്കാതെ ആനന്ദകരമായ ഒരു ജീവിതം നമുക്ക് സാധ്യമാവുകയില്ല. കഴിഞ്ഞതെല്ലാം കഴിഞ്ഞു ഇനി ശിഷ്ടകാലം ആരോടും പരിഭവമില്ലാതെ കഴിയുന്ന സേവനം ചെയ്ത് പരസ്പരാനന്ദ ജീവിതം നയിക്കാം. മഹനീയമായ ഈ ആശയങ്ങൾ തുടിച്ചു നിൽക്കുന്ന അന്തരീക്ഷത്തിലേയ്ക്ക് സ്മരണാഞ്ജലി സന്ദേശം നൽകുവാനായി ഡോ. അമ്പലപ്പുഴ ഗോപകുമാറിനെ ക്ഷണിച്ചു. കുറുപ്പു സാറിനെ നമിച്ച് സാർ പറഞ്ഞു തുടങ്ങി. സംസ്കാരച്യുതി കൊണ്ട് അന്ധകാരം ബാധിച്ച നമ്മുടെ സമൂഹത്തെ മനോ-വാക് കർമ്മങ്ങൾ കൊണ്ട്

പ്രഭാപൂരിതമാക്കിയ കർമ്മയോഗിയായിരുന്നു കുറുപ്പുസാർ. സർവ്വരുടെയും ഉയർച്ചയും ആനന്ദവുമല്ലാതെ സാറിന് മറ്റൊരു ലക്ഷ്യവുമില്ലായിരുന്നു. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളായ മാനുഷിക ധ്യാനവും അയൽക്കൂട്ട സന്ദേശവും ക്ഷമയോടെ അവസാന നിമിഷം വരെ പ്രചരിപ്പിച്ചുകൊണ്ട് ഈ കാലഘട്ടത്തിന്റെ ചൈതന്യമായി ജീവിതം സന്ദേശമാക്കിയ മഹാനായിരുന്നു കുറുപ്പുസാർ. അദ്ദേഹത്തിന്റെ ആത്മസാന്നിദ്ധ്യം ഇപ്പോഴും ഇവിടെയുണ്ട് ഡോ. അമ്പലപ്പുഴ ഗോപകുമാർ അഭിപ്രായപ്പെട്ടു.

തുടർന്ന് ഹംസാസാർ പ്രൊഫ. രാമരാജവർമ്മ സാറിനെ വേദിയിലേയ്ക്ക് ക്ഷണിച്ചു. സാറിനോടൊപ്പം എസ്.ഡി. കോളേജ് പ്രിൻസിപ്പാലായിരുന്ന ഭട്ടതിരിസാറും ഇരുവരുടെയും സഹധർമ്മിണിമാരും എത്തിയിട്ടുണ്ട്. വ്യത്യസ്തമായ ചിന്താധാരകൾ വെച്ചുപുലർത്തുന്നവർക്കു പോലും ഒത്തൊരുമിച്ച് സമൂഹനന്മയ്ക്കായി പ്രവർത്തിക്കുവാനുള്ള ഒരു സമന്വയ ശാസ്ത്രമാണ് കുറുപ്പുസാർ അവതരിപ്പിച്ചിട്ടുള്ളതെന്ന് സാർ അഭിപ്രായപ്പെട്ടു. മാനുഷിക ധ്യാനവും അയൽക്കൂട്ട രൂപീകരണവും അതുവഴി പരസ്പരാനന്ദ ജീവിതവും മനുഷ്യമോചനത്തിനുള്ള മാർഗ്ഗങ്ങളാണ്. ഇതെല്ലാം ആവിഷ്ക്കരിച്ച കുറുപ്പുസാറിനോട് ഒരിക്കൽ കാഞ്ഞങ്ങാട് ആശ്രമത്തിൽ ചെന്നപ്പോൾ സ്വാമി ചോദിച്ചു അങ്ങയുടെ പ്രവർത്തനങ്ങൾ കൊണ്ട് സമൂഹത്തിൽ എന്ത് മാറ്റമുണ്ടായി? പൊട്ടിച്ചിരിച്ചുകൊണ്ട് കുറുപ്പു സാർ അന്തരീക്ഷത്തിൽ ഒരു വൃത്തം വരച്ചു പൂജ്യം. രാമരാജവർമ്മ സാർ അതിന്റെ അർത്ഥം വിശദീകരിച്ചു. ഞാൻ ആരുമല്ല എന്ന ഭാവമാണ് ഈ ഉത്തരം വ്യക്തമാക്കുന്നത്. കുറുപ്പുസാറിന്റെ ഞാൻ ഭാവം പോയിരുന്നു. താൻ ഒരു നിമിത്തം മാത്രം. നേട്ടങ്ങളൊന്നും തന്റേതല്ല, പിന്നെ പരീക്ഷ എഴുതിയവർക്കേ പൂജ്യം കിട്ടൂ. നമ്മളാരും സാമൂഹ്യമാറ്റത്തിനായി പ്രവർത്തിച്ചവരല്ലല്ലോ. താൻ ആരുമല്ല എന്ന ഭാവത്തിൽ ആണ് എല്ലാം ഉള്ളത്. ദർശനം പൂർണ്ണമാണ്. ലോകക്ഷേമത്തിനായി സാറ് ഈ മാർഗ്ഗം കാട്ടിത്തന്നിരിക്കുന്നു. പൂർത്തീകരിക്കേണ്ടത് നമ്മളും. ചെറുതാണെന്ന് തോന്നുന്ന കർമ്മങ്ങളിലൂടെ പരസ്പരാനന്ദ ജീവിതമാണ് സാർ സ്വപ്നം കണ്ടത്. വീട്ടിലേയ്ക്ക് ആരെങ്കിലും കയറി വന്നാൽ ആ റ്റി.വി ഒന്ന് ഓഫ് ചെയ്ത് അവരെ സ്വീകരിച്ചിരുത്തി ആവശ്യ

ങ്ങൾ കണ്ടറിഞ്ഞ് വേണ്ടത് ചെയ്യുക. ഭൂമിയിൽ അപരനില്ല. അന്യരായി ആരുമില്ല എല്ലാവരും വേണ്ടപ്പെട്ടവരാണ്. ഈ ബോധം മനസ്സിൽ ഉണർന്നു വരണം എന്ന ആഹ്വാനത്തോടെ പ്രഭാഷണം അവസാനിപ്പിച്ചു. ഇനി എല്ലാവരും ഒന്ന് ഉണർന്നിരിക്കുക. ജാഗ്രത. നമുക്ക് മാനുഷികധ്യാനം ആരംഭിക്കാം.

ഗീതാസാരസാക്ഷൻ അമ്മ തങ്കമ്മയുമായി എറണാകുളത്തു നിന്നും എത്തിയിട്ടുണ്ട്. നമ്മുടെ രക്ഷാമാർഗ്ഗമായ ധ്യാനം ഗീത ചേച്ചി ഇതാ അവതരിപ്പിക്കുന്നു. ഇനി കണ്ണുകളടയ്ക്കുക. മനസ്സിനെ സാവധാനം കൈപിടിച്ചുയർത്തി വീട്ടിലുള്ളവരെയും അയൽക്കാരെയും സ്നേഹിക്കുന്ന തലത്തിലേയ്ക്ക് കൊണ്ടു വന്ന് ശുഭചിന്തകളാൽ പൂരിതമാക്കി നാടും നഗരവും കടന്ന് ഭൂമിയാകെ വ്യാപിക്കട്ടെ. ഇവിടെയുള്ളവരെല്ലാം എന്റെ ബന്ധുക്കളാണ്. സർവ്വചരാചരങ്ങളെയും ഞാൻ സ്നേഹിക്കുന്നു. ഇപ്പോൾ ഭൂമി എന്ന വാഹനത്തിൽ ഒന്നിച്ച് യാത്ര ചെയ്യുന്നവരാണ് നാം. നമ്മുടെ കൊച്ചു മനസ്സിനെ വികസിപ്പിച്ച് ഈ മഹാപ്രപഞ്ചവും അതിലൊരു കണികയായ നമ്മളും ഒരേ ചൈതന്യനൂലിനാൽ കോർത്തിണക്കിയതാണെന്ന ബോധത്തിൽ ശാന്തമായിരിക്കുക. ഈ ലോകത്തിൽ ശാന്തിയും സമാധാനവും പുലരട്ടെ. സാവധാനം കണ്ണുതുറക്കുക. ഗീതച്ചേച്ചി ധ്യാനാത്മകതയോടെ പറഞ്ഞവസാനിപ്പിച്ചു.

ഈ സമ്മേളനത്തിൽ നാം രാവിലെ പ്രഭാഷണങ്ങളൊന്നും ഉദ്ദേശിച്ചിട്ടില്ല. അതിനാൽ തറക്കൂട്ടങ്ങൾ കൂടാനായി യോഗം പിരിഞ്ഞു. സന്ദർശന്റെ ഹാളിലും മുറികളിലുമായി 15 പേർ വീതം ചേർന്ന് തറക്കൂട്ടം കൂടി പരിചയപ്പെട്ടും, ഗ്രൂപ്പു ചർച്ചകൾക്കും തുടക്കമിട്ടു. അതിനായുള്ള ലഘുലേഖയും വിതരണം ചെയ്തു. പരസ്പരാനന്ദ ജീവിതം എങ്ങനെ നേടിയെടുക്കാം എന്നുള്ളതായിരുന്നു ചർച്ചാവിഷയം.

## മൈത്രീവടകം

പരസ്പരാദരവാണ് പരസ്പരാനന്ദ ജീവിതത്തിനടിസ്ഥാനം. വെറുക്കപ്പെട്ടുപോയവരെ ഉള്ളുകൊണ്ട് സ്വന്തമാക്കാൻ സാധന ആരംഭിക്കണം. വെറുപ്പ് ഭീകരതയുടെ വിത്താണ്. അതു മനസ്സിൽ വളരാനനുവദിക്കരുതേ. മൈത്രീഭാവം ഭീകരതയുടെ മറുമരുന്നാണ്. ആരോടെങ്കിലും നമുക്ക് വെറുപ്പും വിദ്വേഷവും ഉണ്ടെങ്കിൽ

നല്ലത്. ഈ മരുന്നു പ്രയോഗിക്കാൻ അത് ഒരവസരമാകുമല്ലോ. രോഗം ഭേദമാകുന്നതു വരെ ഈ ഒരേ ഒരു മരുന്ന് തുടരുക. ഇന്നു മുതൽ തന്നെ ഈ മൈത്രീവടകം കഴിക്കാനും കഴിപ്പിക്കാനും തുടങ്ങാം. നല്ല അനുഭവം ഉണ്ടാകും.

പ്രഭാഷണങ്ങളിലൂടെയും ധ്യാനത്തിലൂടെയും കിട്ടിയ അറിവുകൾ ചർച്ചാവേളകളിലൂടെ മുളപൊട്ടാൻ തുടങ്ങി. ആശയങ്ങൾ വ്യക്തിമനസ്സിൽ കടന്നുകൂടി സ്വാർത്ഥതയുടേയും അഹന്തയുടേയും കാടു വെട്ടിത്തെളിച്ച് മൈത്രീഭാവന നട്ടുവളർത്തി. പ്രിയ വായനക്കാരേ, നമ്മുടെ മനസ്സിനെ മൈത്രീഭാവന കൊണ്ടും, കാരുണ്യ പ്രവർത്തനങ്ങളിലൂടെയും ശുദ്ധീകരിച്ചു കൊണ്ട് അശാന്തമായ ഈ ലോകത്തിൽ ആവുംവിധം സമാധാനത്തിന്റെ മാർഗ്ഗം തെളിക്കാം. എല്ലാവർക്കും ശാന്തിയും സമാധാനവും ലഭിക്കട്ടെ. അതിനായി മനസ്സിലേയ്ക്ക് നോക്കി ദുർവ്വാസനയുടെ കൂട്ടായ്മയെ പിരിച്ചു വിടുക.

സന്ദർശനിലെ തറക്കൂട്ടങ്ങളിൽ നടക്കുന്ന ചർച്ചകളിലൂടെ ഓരോരുത്തരുടേയും മനസ്സിൽ നിദ്രയിലാണ്ടു കിടക്കുന്ന ആത്മഭാവങ്ങൾ ഉണരുവാനുള്ള ഒരവസരമുണ്ടായി. മനുഷ്യ മനസ്സിൽ ഉരുണ്ടുകൂടുന്ന അഹങ്കാരവും വെറുപ്പും തന്നെയാണ് നമ്മുടെ ലോക ജീവിതം ഇത്ര ദുരിതപൂർണ്ണമാക്കുന്നത്. മൈത്രീഭാവന കൊണ്ട് മനസ്സ് വിശാലമാകും. സർവ്വവ്യാപിയായ ഈശ്വരചൈതന്യമാണ് എല്ലാ മനുഷ്യരിലും ഒരുപോലെ കുടികൊള്ളുന്നത്. ഈ തിരിച്ചറിവോടെ ബാഹ്യമായ വൈവിധ്യങ്ങളേയും വൈരുദ്ധ്യങ്ങളേയും അംഗീകരിച്ചു നോക്കികണ്ടാൽ അന്യരായി പിന്നെ ഭൂമിയിലാരുമില്ല. മനുഷ്യസമൂഹം പരസ്പരം സ്നേഹത്തോടും സേവന മനോഭാവത്തോടും കൂടി ജീവിക്കുമ്പോഴാണ് ഭൂമിയിൽ പരസ്പരാനന്ദജീവിതം ഉടലെടുക്കുന്നത്. ഈ തത്വം മറന്നുള്ള ജീവിതപ്രതിഫലനമാണ് ഓരോദിവസത്തെ പത്രത്താളുകളിലൂടെയും ടി.വിയിലൂടെയും നാം കാണേണ്ടി വരുന്നത്. ഇതെല്ലാം കണ്ട് ലോകത്തെ പഴിച്ചിട്ട് കാര്യമൊന്നുമില്ല. ആത്മശുദ്ധീകരണത്തിന് ധ്യാനം ചെയ്ത് ദർശനം ആശയങ്ങളോ ലോക നന്മയ്ക്കായി നിങ്ങളുടെ ഹൃദയത്തിൽ തട്ടിയിട്ടുള്ള എന്താദർശവും കഴിയുന്നത്ര നടപ്പിലാക്കുക. ഇവിടെ ഭൂമിക്കാവശ്യം മടിയന്മാരെയോ എല്ലാം കണ്ട് സദാ കുറ്റം

പറയുന്നവരെയോ അല്ല, കർമ്മനിരതരായ മക്കളെയാണ്. ഒറ്റയ്ക്ക് എന്തു ചെയ്യാൻ കഴിയും എന്നുകരുതി വിഷമിക്കേണ്ട. മാനുഷിക ധ്യാനത്തിലൂടെ സംഭവങ്ങളെ കണ്ട് പ്രതികരിക്കുക. പൈശാചിക മായ പ്രവൃത്തികൾ കാണുമ്പോൾ ഞാനൊരിക്കലും ഇങ്ങനെ യൊന്നും ആവില്ലെന്ന് മനസ്സിലുറപ്പിക്കുക. സമൂഹനന്മയ്ക്കായി ആത്മശക്തി പ്രയോഗിക്കുക. ഈ ലോകത്ത് മനുഷ്യന്റെ അഹന്ത യല്ല ഈശ്വരന്റെ ഇച്ഛയാണ് നടക്കുന്നത്. സ്വർഗ്ഗതുല്യമായ ഈ ഭൂമി ഇങ്ങനെ നശിപ്പിച്ചത് മനുഷ്യനാണ്. പാരസ്പര്യത്തിൽ നിലകൊള്ളുന്ന ഈ ലോകത്തിൽ പരസ്പരബന്ധങ്ങൾ ഇല്ലാതെ യായി. അതിന്റെ ഫലം അനുഭവിക്കാതെ പറ്റുമോ എങ്കിലും മോചനമാർഗ്ഗങ്ങളുണ്ട്. മനസ്സ് നിർമ്മലമാക്കുക, സ്നേഹിക്കുക, സേവിക്കുക.

മണി ഒന്നരയായി ഊണിനു വിളിച്ചിട്ടും തറക്കൂട്ടം കൂടിയിരി ക്കുന്നവരെ എഴുന്നേൽപ്പിക്കാനാവുന്നില്ല. സന്ദർശനിലെ മുറ്റത്തെ പന്തലിൽ ഒരു തിരുവോണ സദ്യ തന്നെ നടന്നു. കുറുപ്പു സാറിന്റെ ഓർമ്മദിനത്തിനമാണ് നാം ഇവിടെ കൂടിയിരിക്കുന്നതെങ്കിലും പര സ്പരാനന്ദ ജീവിതത്തിനാണ് ലക്ഷ്യമിടുന്നത്. അതിനാൽ സന്തോ ഷമായി വന്നിരുന്ന് ഭക്ഷണം കഴിച്ചാലും. പായസം ഉൾപ്പെടെ സദ്യയ്ക്ക് വേണ്ടതെല്ലാമുണ്ട്. ഗിരിജനും കുടുംബവും മനോരമ യിലെ ബൈജുവും, സഹധർമ്മിണി ബിന്ദുവും സൈന്ധവനും സദ്യയുടെ ചുക്കാൻ പിടിച്ചു കൊണ്ട് അനശ്വറും ഈ വേദിക്ക് കളമൊരുക്കി കൊണ്ട് രംഗത്തുണ്ട്. സൂക്ഷിച്ചു നോക്കിയാൽ എല്ലാം കണ്ട് സന്തോഷിച്ച് കുശലപ്രശ്നം ചെയ്ത് നടന്നു നീങ്ങുന്ന കുറു പ്പുസാറിനെയും മാനുഷികധ്യാനത്തിലൂടെ കാണാം. ഇതോടെ ഇവിടെ നടക്കുന്ന സന്ദർശൻ കാറ്ററിംഗ് വിഭാഗത്തിനും തുടക്കമായി.

ഊണു കഴിഞ്ഞവരെല്ലാം വേദിയിലേയ്ക്ക് വരിക ഇവിടെ വിജയനാഥ് സാറിന്റെ നാടൻപാട്ട് ആസ്വദിക്കാം. സംഘഗാനമാണ് കൂടെ പാടണം. വേദിയിൽ വന്ന് വീണ, ആമിയ, വാണി, അൽഫിയ അഷറഫ് എന്നീ കുട്ടികളും പാട്ടുകൾ പാടി.

തുടർന്ന് തറക്കൂട്ടത്തിലെ സന്ദേശങ്ങളുമായി പ്രതിനിധികൾ വന്ന് അനുഭവങ്ങൾ പങ്കിട്ടു.

1. **ഡോ. കെ.ജി പത്മകുമാർ** :- പ്രൊഫ. രാമരാജവർമ്മ, രമാദേവി തമ്പുരാട്ടി, ഭട്ടതിരിപ്പാട്, സുമാദേവി, ലതാഹരികൃഷ്ണൻ, വിജയകുമാർ, ശ്രീജാമുരളി, സുധാരാജീവ് എന്നിവരാണ് ഈ തറക്കൂട്ടത്തിലെ അംഗങ്ങൾ. നമ്മുടെ ഇടയിൽ ശാന്തിയും സമാധാനവും പുലരുവാനും അടുത്ത തലമുറയ്ക്ക് അത് കൈപകരുവാനുമായി ദർശനം സന്ദേശങ്ങൾ കഴിയുന്നതും പ്രായോഗികമാക്കുക. ദർശനം തളരുകയല്ല വളരുകയാണ്, അംഗങ്ങൾ കൂടുതലായി വരുന്നുണ്ട്. പത്മൻചേട്ടൻ അഭിപ്രായപ്പെട്ടു.

2. **ഹസൻ പൈങ്ങാമഠം** :- പാർവ്വതി, ശ്രീജ, താജുന്നിസ്സ, ചന്ദ്രൻ പുറക്കാട്, ഡോ. പി. വേണുഗോപാൽ, തങ്കമ്മ, ഗീതാസാരസാക്ഷൻ, വി.പി. നായർ, ഹംസ എ. കുഴുവേലി എന്നിവർ പങ്കെടുത്തു. ഈ ഭൂമിയും ജീവജാലങ്ങളും ജഗദീശ്വരന്റെ കുടുംബമാണ്. നാമെല്ലാം അതിലെ അംഗങ്ങളാണ്. പരസ്പരം സന്തോഷത്തോടെ കൈകോർത്ത് ജീവിച്ചാൽ ഈ ഭൂമി സ്വർഗ്ഗമാകും. നാം തമ്മിൽ കലഹിച്ച് ആയുധമെടുത്താൽ ഇത് നരകമാകും.

3. **ഡോ. ഗോപാലകൃഷ്ണൻ** :- ജയൻ കോമളവിലാസം, ആരതി വർഗ്ഗീസ്, ഗീതാകുമാരി, രമ കൊന്നപ്പാട്, സ്നേഹലത, അൽഫിയ, ദിയ, പ്രസന്നകുമാർ എന്നിവർ പങ്കെടുത്തു. പരസ്പരാനന്ദ ജീവിതത്തിൽ അധിഷ്ഠിതമാണ് ഈ ഭൂമിയും ജീവജാലങ്ങളും. അത് തെറ്റിക്കുന്നത് മനുഷ്യർ മാത്രമാണ്. മനുഷ്യർ സ്വന്തം തെറ്റു മനസ്സിലാക്കി മനസ്സും ഈ ഭൂമിയും മാലിന്യമുക്തമാക്കിയില്ലെങ്കിൽ ഏറ്റവും കഷ്ടതയനുഭവിക്കുന്ന ജീവി വർഗ്ഗമായി നാം തരംതാണുപോകും. ജാഗ്രത. മോചനത്തിനായി ദർശനത്തിന്റെ നാലു തൂണുകളും - മൈത്രീ ഭാവന, മാനുഷികധ്യാനം, ജൈവാർച്ചന, തറക്കൂട്ടം എന്നീ മാർഗ്ഗങ്ങൾ സാർ വിശദീകരിച്ചു.

4. **സതീഷ് മനോരമ** :- സരോജിനീകൃഷ്ണൻ, ഹരിക്കുട്ടൻ, പരമേശ്വരപണിക്കർ, ഗോപകുമാർ, രോഹിത്, പി.എസ്. സോമൻ, സീതാദേവി, കമലമ്മ സോമൻ, പ്രഭാകരൻ, വേണു എന്നിവർ പങ്കെടുത്തു. ആദ്യമായി എല്ലാവർക്കും ഒരു ശുഭാപ്തി വിശ്വാസമുണ്ടായിരിക്കണം. കുറുപ്പുസാറിന്റെ നല്ല സ്വപ്നങ്ങൾ നമ്മുടെ സ്വസ്ഥ ജീവിതത്തിനു വേണ്ടിയാണ്. സാറിന് സ്വസ്ഥതയ്ക്ക് കുറവൊന്നും ഇല്ലായിരുന്നു. തന്റെ സഹോദരങ്ങളുടെ ശാന്തിക്കു വേണ്ടി അവസാന

നിമിഷം വരെ കുറുപ്പുസാർ പ്രവർത്തിച്ചു കൊണ്ടിരുന്നു. ഹൃദയ ത്തിൽ മൈത്രീഭാവന ജ്വലിപ്പിച്ചു കൊണ്ട് ഓരോരുത്തരും അവന വന്റെ കർമ്മമണ്ഡലങ്ങളിലൂടെ ആചരണവും പ്രചരണവുമായി മുന്നോട്ട് പോകുക.

5. **ഗോവിന്ദൻ എടത്വ** :- പുരുഷോത്തമ പണിക്കർ, പരമേശ്വര കുറുപ്പ്, വിജയകുമാർ, ഗോപികാദേവി, ബിജു, ജോർജ്ജ് കുര്യൻ, അജ്മില അഷറഫ്, ഷാഹിൽ എന്നിവർ പങ്കെടുത്തു. ദർശനത്തിന് വലിയ മാറ്റങ്ങളോ, ആശയങ്ങൾക്ക് പെരിസ്ട്രോയ്കയോ ഒന്നും ആവശ്യമില്ലെന്ന് ഗോവിന്ദൻ അഭിപ്രായപ്പെട്ടു. ഒരു പുരുഷായുസ്സ് മുഴുവൻ സമൂഹ നന്മയ്ക്ക് വേണ്ടി ചിന്തിച്ച് പ്രവർത്തിച്ച് അനുഭവ ങ്ങളിലൂടെ കാച്ചിക്കുറുക്കി നേടിയ തിരുമധുരമാണ് ദർശനം തത്വ ചിന്തകൾ. കുറുപ്പുസാർ പത്തായത്തിലിട്ടു വെച്ചിരിക്കുന്ന ഈ വിത്തുകളൊക്കെ എടുത്ത് കൃഷി ചെയ്താൽ മതി ഭൂമിയിൽ സ്വസ്ഥ ജീവിതം കൊയ്തെടുക്കാൻ. അതിനായി തന്നത്താൻ ഉദ്ധരിക്കുക.

6. **സുധീർ** :- അഷറഫ്, ബിജു.ജി, വി.എസ്. ബിനു, എ.എം. സാലി, ഉമ്മർ മുക്താർ, രമാദേവി, ശ്രീജ രതീഷ്, കരുമാടി മുരളി, ഡോ. ഹരിഹരൻ, വിജയൻ പുറക്കാട്, സുരേഷ്, രാജേശ്വരി കൃഷ്ണൻ, ഗാന്ധി, റോസ് സെലീമ, സതീഷ് ചന്ദ്രൻ, ഷാജി ആലപ്പുഴ, അഡ്വ. ബി. സുരേഷ്, ലേഖ, പി. ഗോപാലൻ എന്നിവർ പങ്കെടുത്തു. നമ്മുടെ മനസ്സ് ഇപ്പോഴത്തെ തലത്തിൽ നിന്നും ഉയരുന്നില്ലെങ്കിൽ ഈ കൂട്ടാ യ്മകളൊക്കെ ലക്ഷ്യം കാണാൻ പ്രയാസപ്പെടുമെന്ന് സുധീർ അഭി പ്രായപ്പെട്ടു. നമ്മെ നയിക്കുന്ന മനസ്സിന്റെ താണതല ചിന്തകളായ അഹങ്കാരം, അസൂയ എന്നിവയിൽ നിന്നും മുക്തമായാലേ നാമെല്ലാം ഒരേ സ്നേഹനൂലിൽ കോർത്തിണക്കിയവരാണെന്ന തിരി ച്ചറിവുണ്ടാകൂ. ഈ സന്ദേശം പ്രചരിപ്പിക്കുവാനായി ദർശനം മാസം തോറും ഇറങ്ങട്ടെ.

7. **കുട്ടപ്പൻ സാർ** :- അഡ്വ. പ്രദീപ് കൂട്ടാല, പ്രേമകുമാർ, ബി. ശ്രീകുമാർ, സജി മാത്തേരി, ശശികാന്തൻ, രഞ്ജിത്ത്, ചന്ദ്രശേഖരൻ, കെ.ജി. വേണുനാഥ്, വീണ, സൗപർണ്ണിക, പി.കെ. കൃഷ്ണദാസ്, ഡോ. വേണുഗോപാൽ, പി. രാധാകൃഷ്ണൻ, പ്രജിത്ത് കാരിക്കൽ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്) എന്നിവർ പങ്കെടു ത്തു. ആശയങ്ങൾ പലരും കാലോചിതമല്ലെന്നു പറയുന്നുണ്ട്.

ഏതാണ് പിന്നെ കാലോചിതം. എളുപ്പമാണെന്ന് കരുതി അന്ധകാരത്തിൽ കരി പുരട്ടരുത്. ഒരു തിരിയെങ്കിലും കത്തിച്ചു വെയ്ക്കുക. തുണി നെയ്യാൻ താമസമാണെന്നു കരുതി നൂലെടുത്ത് ഉടുത്തിട്ട് എന്തു പ്രയോജനമാണ്. ലക്ഷ്യവും മാർഗ്ഗവും ഒരുപോലെ ശുദ്ധമായിരിക്കണം. മഹാത്മാക്കളാവഴി സഞ്ചരിച്ച് കാണിച്ചു തന്നിട്ടുണ്ടല്ലോ പിന്നെ എന്തിന് സംശയവും ഭയവും അവരുടെ കൈപിടിച്ച് മുന്നോട്ട്പോവുക.

8. **സാംജോസ്** :- രാമചന്ദ്രകൈമൾ, ബാബുരാജ്, മാധവൻ നായർ, ഹസീന, അശോകൻ കന്യക്കോണിൽ, അഹ്സൻ, കെ.ഐ. ജോസഫ്, കൃഷ്ണൻകുട്ടി നായർ, പി.വി നാരായണ മേനോൻ, എം. കുര്യൻ എന്നിവർ പങ്കെടുത്തു. പരസ്പരാനന്ദ ജീവിതം എങ്ങനെ സാധ്യമാക്കാം എന്നതിനെക്കുറിച്ച് ഗൗരവമായ ചർച്ച നടന്നു. കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളാണ് കുറുപ്പു സാർ അവതരിപ്പിച്ചിട്ടുള്ളത്. അത് പ്രായോഗികമാക്കാൻ നമുക്ക് കഴിയുന്നില്ല എന്നതാണ് നമ്മുടെ പരാധീനത. ചെറു സമൂഹങ്ങളായി കൃഷി ചെയ്തും പങ്കിട്ടും പരസ്പരം കൈകോർക്കാതെ മനുഷ്യരാശി രക്ഷപെടുകയില്ല. അതാണ് പരസ്പരാനന്ദാനുഭൂതി.

9. **വിജയനാഥ് തുറവൂർ** :- സുരേഷ്കുമാർ തോട്ടപ്പള്ളി, വേണു കുറ്റിമിത്ര, വാണി, അപ്പുക്കുട്ടൻ സാർ, സന്തോഷ് കഞ്ഞിപ്പാടം, സെബാസ്റ്റ്യൻ, അൽഫിയ, ലൈല, പ്രൊഫ. എൻ. ശിവശങ്കരൻ, ജോർജ്ജ് ഫിലിപ്പ്, കുറുപ്പുസാറിന്റെ മകൾ ശാന്തിനി മകൻ ഗോവിന്ദ്, ലത, കൃഷ്ണ, ഡി.ഇ.ഒ. കൃഷ്ണദാസ് സാർ എന്നിവർ പങ്കെടുത്തു. മനസ്സിനും ശരീരത്തിനും ആരോഗ്യമുള്ളപ്പോൾ തന്നെ നല്ല കാര്യങ്ങൾ ചെയ്യുവാൻ സമയം കണ്ടെത്തണം. മറ്റുള്ളവരെ സഹായിക്കുവാൻ കിട്ടുന്ന ഒരവസരവും പാഴാക്കി കളയരുത്. അത് നമ്മുടെ ജീവിതത്തിലും സമൂഹത്തിലും പ്രകാശം പരത്തും.

**ശ്രീജ** :- ചർച്ചയിൽ പങ്കെടുത്ത ഈ കുട്ടി കൈപകർന്ന ചില ജീവിതശൈലികൾ ആലോചനാമൃതങ്ങളാണ്. ഒരു ആംബുലൻസ് കടന്നു പോകുമ്പോൾ ദൈവമേ അതിൽ ഒരു രോഗി ഉണ്ടെങ്കിൽ സുഖം പ്രാപിക്കേണമേ എന്ന് ഈ കുട്ടി പ്രാർത്ഥിക്കാറുണ്ട്. ജീവൻ വിട്ടു പോയവരാണെങ്കിൽ ആത്മാവിന് ശാന്തിയും കുടുംബാംഗങ്ങൾക്ക് ദുഃഖം താങ്ങാൻ ശേഷിയും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥി

ക്കുന്നു. ഭക്ഷണത്തിന് അരി ഇടുമ്പോൾ ദൈവമേ ഭൂമിയിലാരും ആഹാരത്തിന് വിഷമിക്കാൻ ഇടവരരുതേ എന്നും പ്രാർത്ഥിക്കുന്നു. ഈ ചിന്താധാര കൊണ്ട് അമ്മ മകളെ കൊണ്ടാണ് ഭക്ഷണത്തിന് അരി ഇടീക്കുന്നത്. നമ്മിൽ നിന്നും ഭൗമാന്തരീക്ഷത്തിലേയ്ക്ക് പുറപ്പെടുന്ന ചിന്തയും വാക്കും പ്രവർത്തിയും തന്നെയാണ് നമ്മുടെ കർമ്മഫലങ്ങളായ് നമ്മിലേയ്ക്ക് തിരിച്ചു വരുന്നത്. അതിനാൽ ശുഭ ചിന്തകൾ പ്രവഹിക്കട്ടെ.

10. **കമാൽ എം. മാക്കിയിൽ** :- അച്ഛന്റെ പ്രിയശിഷ്യനായ കമാൽ വളരെ തിരക്കിനിടയിലും ഓടിയെത്തി. ഗുരുവിനെ അനുസ്മരിച്ച് ജൈവാർച്ചന നടത്തി. സ്മരാണഞ്ജലിക്ക് തയ്യാർ ചെയ്ത അച്ഛന്റെ സന്ദേശം ഉൾക്കൊണ്ട കലണ്ടർ ഇഷ്ടപ്പെട്ട് അതും വാങ്ങിക്കൊണ്ടാണ് പോയത്.

11. **ഫാ. ജോർജ്ജ് ഫിലിപ്പ്** :- കോട്ടയം ഞാലിയാംകുഴി ബെസേലിയോസ് ദയറായിലെ വൈദികനായി സേവനം അനുഷ്ഠിക്കുന്ന ഫാദർ, കുര്യൻ ചേട്ടനുമൊരുമിച്ചാണ് വന്നത്. ഒരു സാധകനും പ്രകൃതിജീവനോപാസകനുമായ അദ്ദേഹത്തിന് ദർശനം സന്ദേശങ്ങളും തറക്കൂട്ടവും പ്രിയങ്കരമായതായി അറിയിച്ചു.

സ്മരണാഞ്ജലിയിലെ പരിപാടികൾ വിരിഞ്ഞു വിരിഞ്ഞ് ഇതാ പൂർണ്ണമാവുകയാണ്. ഉണ്ണിയപ്പവും, ജാപ്പിയും കൊണ്ടുവന്നിട്ടുണ്ട്. ഇഷ്ടം പോലെ എടുത്തു ഭക്ഷിച്ചു കൊള്ളുക. മേളയിൽ പങ്കെടുത്തപ്പോൾ ഒരു സന്തോഷം കിട്ടിയല്ലോ ആ ദീപം അങ്ങനെ കെടാതെ നിൽക്കട്ടെ. മനസ്സിൽ മൈത്രീഭാവനയുടെ തിരികൾ തെളിയട്ടെ. ഈ ലോകത്തിലെ അന്ധകാരം കണ്ട് ഭയപ്പെടേണ്ട. ഇതിനൊന്നും നിലനിൽപ്പില്ല. ധർമ്മത്തെ രക്ഷിക്കൂ ധർമ്മം നമ്മെയും രക്ഷിക്കും. ആരുടേയും കുറ്റം കാണാൻ ശ്രമിക്കരുത്. നന്മ കാണുക. തിന്മ കാണുമ്പോൾ തലച്ചോറിലെ കോശങ്ങൾ മരിക്കുന്നു. നന്മ കാണുമ്പോൾ മൈത്രീഭാവന കൊണ്ടത് വികസിക്കുന്നു. നാം ഒറ്റപ്പെട്ട ദ്വീപല്ല. സമൂഹത്തെ മറന്നോ സേവനം ചെയ്യാതെയോ ആർക്കും സ്വസ്ഥ ജീവിതം സാധ്യമല്ല. ഇവിടെ വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും സ്വാഭാവികമാണ്. ആദരവോടെ എല്ലാം അംഗീകരിക്കാൻ കഴിയണം. അരിവാൾ ചുറ്റിക നക്ഷത്രവും, കൈപ്പത്തിയും, ചന്ദ്രക്കലയും, കുരിശും, താമരയും ഓരോ മനുഷ്യനിലും

ഓരോ പ്രതികരണങ്ങൾ സൃഷ്ടിക്കുന്നു. എല്ലാം ശുഭമായി കാണാൻ പഠിക്കണം. എന്റെ അഹങ്കാരം കൊണ്ടാണ് ഒന്നിനോട് പ്രീതിയും മറ്റൊന്നിനോട് വെറുപ്പും തോന്നുന്നത്. ഞാനെന്ന ഭാവം മാറി ഇതെല്ലാം എന്റേതാണെന്ന തിരിച്ചറിവുണ്ടാകുമ്പോൾ പരസ്പരാദരവും പരസ്പരാനന്ദവും ഉണ്ടാകും. ഇനി ഒരു കൊട്ടിക്കലാശം. ഗാന്ധിസ്മാരക സേവാകേന്ദ്രം പ്രവർത്തകയായ സീതാമാഡം സദസ്സ് ഉണർത്തി നാടൻപാട്ടുകൾ പാടി. എല്ലാവരും അത് ഏറ്റു ചൊല്ലി. സന്ദൻശൻ പരസ്പരാനന്ദലഹരിയിൽ മുഴുകി. കുറുപ്പു സാർ ഉണ്ടായിരുന്നെങ്കിൽ പറഞ്ഞേനെ മനസ്സു നിറഞ്ഞു എന്ന്. മാനുഷിക ധ്യാനത്തോടെ പരിപാടികൾ സമാപിച്ചു. ഡിസംബർ 31ലെ ധ്യാനത്തിന് വീണ്ടും കാണാം. ആർക്കും നന്ദി പറഞ്ഞില്ല. കുടുംബാംഗങ്ങൾ പരസ്പരം നന്ദി പറയാറില്ലല്ലോ. ദർശനത്തിന്റെ പൂർവ്വപുണ്യ സഞ്ചയത്തിൽ നിന്നും മാനുഷികധ്യാനത്തിലൂടെ എല്ലാവർക്കും ശുഭാശംസകൾ. ജയ്ജഗത്.

---

# കൊച്ചുവർത്തമാനങ്ങൾ

1. ഒരു മർക്കടന്റെ കുമ്പസാരം :- ആലപ്പുഴയിൽ നിന്നും ബോസു ചേട്ടൻ വിളിച്ചു ശബരിമലയ്ക്കൊന്നു പോയാലോ. എപ്പോൾ പോകണമെന്ന് പറഞ്ഞാൽ മതി. ചേട്ടനും മകൻ അഖിലും ആലപ്പുഴയിൽ നിന്നും, ഞാനും പന്ത്രണ്ടിൽ സുനിലും ഗോവിന്ദനും ഇടയ്ക്കു നിന്നും വണ്ടിയിൽ കയറി പത്തു മണിയോടെ പമ്പയിലെത്തി. കന്നി മാസത്തിലെ തിരക്കില്ലാത്ത സമയം. മഴക്കാലമായതിനാൽ പമ്പയിൽ നല്ല ഒഴുക്കുണ്ട് തെളിഞ്ഞ വെള്ളം. ധാരാളം മത്സ്യങ്ങൾ ഒഴുക്കിൽ തുള്ളിക്കളിക്കുന്നത് കാണേണ്ട കാഴ്ച തന്നെ. ഇത്ര മാത്രം മത്സ്യങ്ങൾ കാട്ടിൽ എവിടെ നിന്നും ഒഴുകി വരുന്നു? ചോദ്യം ചോദിക്കാതെ ആറ്റിൽ തുള്ളിച്ചാടുന്ന ഫിഷ് അതിന്റെ അമ്മയോട് എന്താണ് ചോദിക്കുന്നതെന്ന് കേൾക്കൂ. "അമ്മേ കരയ്ക്കു നിന്ന് ഒരുപാട് പേർ നമ്മെ നോക്കുന്നു. നമുക്കങ്ങോട്ടൊന്ന് പോയാലോ? അയ്യോ അതുവേണ്ട. കരയിലുള്ളവരെല്ലാം സെൽഫിഷാണ്. കുട്ടികളെ വരെ പീഡിപ്പിക്കും. നമ്മെ കിട്ടിയാൽ പൊരിച്ചു തിന്നും". ഇതു കേട്ടെങ്കിലും ഞാനൊന്നും മിണ്ടിയില്ല. രാവിലെ കുളികഴിഞ്ഞെങ്കിലും പമ്പാനദിയിലെ പവിത്ര ജലം കണ്ടപ്പോൾ എടുത്തു

ചാടി. കുളികഴിഞ്ഞ് ഗണപതി കോവിലിൽ തൊഴുത് സ്വാമിഅയ്യപ്പൻ റോഡിലൂടെ നടന്നു തുടങ്ങി. വിശപ്പിനുള്ള വക ഞങ്ങളുടെ സഞ്ചിയിൽ കരുതിയിട്ടുണ്ട്. മുന്തിരി, പഴങ്ങൾ, നെല്ലിയ്ക്ക കൂടാതെ ബോസ് ചേട്ടൻ നല്ല കൊഴുക്കട്ടയും കൊണ്ടു വന്നിട്ടുണ്ട്. വനത്തിലെ ഒരു വൃക്ഷച്ചുവട്ടിലിരുന്ന് ഞങ്ങൾ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ പൂർവ്വികരിൽ പലരും ഞങ്ങളുടെ അടുത്തോട്ട് വന്നു. സുനി അവർക്ക് കുറച്ച് മുന്തിരി ഇട്ടു കൊടുത്തു. അവർ അതുമായി ഓടി മരത്തിൽ കയറി. പിന്നെയും ധാരാളം കരിങ്കുരങ്ങുകളെ കണ്ടു. കാട്ടിലിപ്പോൾ കനികളില്ലാത്ത കാലമായതിനാലാവാം ഇവരെല്ലാം ഇങ്ങോട്ടു വന്നത്. ചുരുക്കത്തിൽ അവർ കഴിക്കുന്നതു കണ്ട് ഞങ്ങളുടെ വയർ നിറഞ്ഞു.

കെട്ടൊന്നുമില്ലാത്തതിനാൽ പെട്ടെന്ന് ശബരിമല ദർശനവും കഴിഞ്ഞ് നാല് മണിയോടെ ഞങ്ങൾ പമ്പയിലെത്തി. വീണ്ടും കുളിച്ച് പമ്പാതീരത്തു വന്നിരുന്ന് ഗോവിന്ദൻ ഭഗവത്ഗീതയും ദർശനവും വായിച്ചു. അഖിൽ മാനുഷികധ്യാനത്തെക്കുറിച്ച് ചോദിച്ചറിഞ്ഞു. അസ്തമയ സൂര്യനെ നോക്കി ധ്യാനത്തിലിരുന്നു. തുടർന്ന് ഞങ്ങൾ അഞ്ചുപേരും ബസ്സ്റ്റാൻഡിലെത്തി ഒരു ചെങ്ങന്നൂർ വണ്ടിയിൽ കയറി. തൊട്ടടുത്ത സീറ്റിൽ ഒരാൾ വന്നിരുന്ന് ഗൗരവഭാവത്തിൽ ഉപഗ്രഹങ്ങളിൽ എവിടേയ്ക്കോ പോകുവാൻ പോണ പോലെ ചെവിയിലും പോക്കറ്റിലുമൊക്കെ ഓരോ വയർ കുത്തിക്കയറ്റി ദോശക്കല്ലുപോലെ ഒരു ഫോണുമെടുത്ത് മടിയിൽ വെച്ച് എന്തൊക്കെയോ കാണുവാൻ തുടങ്ങി. ശ്ശെടാ! ഈ ഗ്രഹപ്പിഴക്കരാനോടൊന്നിച്ച് വേണോ ഇനി ഒരു മൂന്നു മണിക്കൂർ വണ്ടിയിലിരിക്കാൻ. ഞാൻ വെളിയിലേയ്ക്ക് നോക്കി കൊണ്ടിരുന്നു. ഋഷ്യമൂകാചലത്തിന്റെ താഴ്വരയിലൂടെ വണ്ടി ഓടിത്തുടങ്ങി. തൊട്ടുതാഴെ ''പമ്പാസരസ്തടം ലോക മനോഹരം''. കിഴക്ക് നീലഗിരിയുടെ സുന്ദരമായ ദൃശ്യങ്ങൾ. ഊട്ടിയും കൊടൈക്കനാലുമെല്ലാം ഇവിടെ കാണാം. സ്വാമിയേ ശരണമയ്യപ്പാ. ഇതൊന്നുമറിയാതെ അടുത്തിരുന്ന യന്ത്രമനുഷ്യനെ ഞാനൊന്ന് നോക്കി. ശബരിമലയ്ക്ക് വന്ന ഒരു ലക്ഷണവുമില്ലാത്ത ഒരു ചെറുപ്പക്കാരൻ പോലീസുകാരനായിരിക്കുമെന്ന് തോന്നിയത് ശരിയായിരുന്നു. അൽപ്പം ഭയത്തോടെയാണെങ്കിലും ഞാൻ പറഞ്ഞു. ഈ കേൾക്കു

ന്നതും കാണുന്നതുമെല്ലാം യന്ത്രഭാഷയല്ലേ. സ്നേഹത്തിന്റെ ഭാഷ എന്റെ കൈവശമുണ്ട്. ഒന്നു നോക്കരുതോ. ഞാനൊരു ദർശനം കൊടുത്തു. ഭാഗ്യം! അദ്ദേഹമത് വാങ്ങി. ദേഹത്ത് ഘടിപ്പിച്ചിരുന്ന കുഴലുകളെല്ലാം ഊരിമാറ്റി. വായനയും തുടങ്ങി. എത്രകണ്ടാലും മതിവരാത്ത കാടിന്റെ ദൃശ്യങ്ങൾ നോക്കി ഞാനുമിരുന്നു. ഇടയ്ക്ക് വായനക്കാരനെ ശ്രദ്ധിച്ചു. ഒരു അനക്കവുമില്ല. മുഖലേഖനം കടന്ന് കൊച്ചുവർത്തമാനമൊക്കെ വായിക്കുകയാണ്. വായന കഴിഞ്ഞ് ഇതു ഞാനെടുത്തോട്ടെ എന്ന് അദ്ദേഹം ചോദിച്ചു. സന്തോഷമെന്ന് ഞാനും പറഞ്ഞു. ആരാണീ പങ്കജാക്ഷക്കുറുപ്പ്? എന്നു തുടങ്ങി അച്ഛനെക്കുറിച്ചും ദർശനത്തെക്കുറിച്ചും ചോദിച്ചു. ഓരോ ഉത്തരത്തിലൂടെയും അയാളുടെ ഗൗരവഭാവമെല്ലാം അലിഞ്ഞലിഞ്ഞ് ഇല്ലാതാവുന്നത് ഞാൻ കണ്ടു.

എന്തോ ആന്തരിക സമ്മർദ്ദത്തിലാണ് അദ്ദേഹമെന്ന് മനസ്സിലായി. അദ്ദേഹം പറഞ്ഞു. ദൈവമായിരിക്കാം എന്നെ ഡോക്ടറുടെ അടുത്ത് കൊണ്ടിരുത്തിയത്. ഞാൻ ആത്മഹത്യ ചെയ്യാനാഗ്രഹിക്കുന്നു എങ്കിലും അതിനു പോലും നിവൃത്തിയില്ലാത്ത ഒരു അവസ്ഥയിലാണ്. ഞാനൊന്ന് തുറന്ന് സംസാരിച്ചോട്ടെ എന്ന് ചോദിച്ചിട്ട് പറഞ്ഞു തുടങ്ങി. ഒരു കൈക്കൂലിയും വാങ്ങാതെ ഞാൻ സത്യസന്ധനായി ജോലി ചെയ്യുകയായിരുന്നു. വീട്ടിൽ അമ്മയും സഹോദരങ്ങളുമുണ്ട്. വർഷങ്ങൾക്കു മുമ്പ് അച്ഛൻ ഒരു വണ്ടിയപകടത്തിൽ മരിച്ചു പോയി. അമ്മയ്ക്ക് പെൻഷൻ കിട്ടുന്നുണ്ട്. എനിക്ക് ജോലിയുമുള്ളതു കൊണ്ട് ഒരുവിധം സന്തോഷമായി കഴിയുന്നു. എനിക്ക് ഇണങ്ങുന്ന ഒരു ഭാര്യയും പതിനൊന്ന് വയസ്സായ കുട്ടിയുമുണ്ട്. അവനോടുള്ള സ്നേഹം പകുത്തുപോകാൻ ഇഷ്ടപ്പെടാത്തതു കൊണ്ട് ഇനി ഒരു കുട്ടിവേണ്ട എന്ന് ഞങ്ങൾ തീരുമാനിച്ചു. ഞങ്ങൾക്കവനെ കൊഞ്ചിച്ച് മതിയായിരുന്നില്ല. ഞങ്ങളുടേതു പോലെ തന്നെ ഒരു ഇടത്തരം കുടുംബമാണ് ഭാര്യയുടേതും. അവർക്കെല്ലാം എന്നെ വലിയ സ്നേഹമാണ് എനിക്ക് അവരെയും. അങ്ങനെ പ്രശ്നങ്ങളൊന്നുമില്ലാതെ സന്തോഷകരമായ ഒരു കുടുംബജീവിതം നയിച്ചു കൊണ്ടിരിക്കെ കൂട്ടുകാരുമൊത്ത് ഞാനൽപ്പം മദ്യം കഴിച്ചു തുടങ്ങി. ഭാര്യ ബഹളം വെച്ചെങ്കിലും ഞാനവളെ സ്നേഹം കൊണ്ട് മൂടി മദ്യപാന ശീലം തുടർന്നു. ഇനി പറയാൻ

പോകുന്ന കാര്യം കേട്ട് ഡോക്ടറെന്നെ ഇവിടെ നിന്നും ഇറക്കി വിടരുത് എന്നയാൾ വേദനയോടെ പറഞ്ഞു. രണ്ടാഴ്ച മുമ്പാണത് സംഭവിച്ചത്. മദ്യപിച്ച എന്റെ തലയിൽ ചെകുത്താൻ കയറിയ ഒരു നാളിൽ ഭാര്യവീട്ടിൽ ചെന്നപ്പോൾ അവൾ ഉറങ്ങിയ ശേഷം ഞാൻ വിവാഹിതയായ ഭാര്യാസഹോദരിയുടെ മുറിയിൽ കയറി. അവൾ ബഹളം വെച്ച് അമ്മയെ വിളിച്ചു. അമ്മ ഓടിയെത്തി. പുത്രനെപ്പോലെ എന്നെ സ്നേഹിച്ചിരുന്ന അവർ ഈ രംഗം കണ്ട് അന്ധാളിച്ചു പോയി. എങ്കിലും അമ്മ എന്റെ ഭാര്യയെ വിവരം അറിയിക്കാതെ പ്രശ്നം ഒതുക്കി. എന്നാൽ ഭാര്യാസഹോദരി വിദേശത്തുള്ള അവളുടെ ഭർത്താവിനെ രാത്രി തന്നെ വിവരം അറിയിച്ചു. എന്റെ ജീവിത താളം തെറ്റി. ജാള്യത മൂലം ഭാര്യയുടെയും കുട്ടിയുടെയും മുഖത്തെനിക്ക് നോക്കാനാവുന്നില്ല. എന്റെ ഭാവമാറ്റം കണ്ട ഭാര്യ എന്നെ ചോദ്യം ചെയ്തു കൊണ്ടിരിക്കുന്നു. ഇതറിഞ്ഞാൽ അവൾ ആത്മഹത്യ ചെയ്യും. അയാൾ നഷ്ടപ്പെട്ടുപോയ സന്തുഷ്ട ജീവിതത്തെകുറിച്ച് പലതും പറഞ്ഞ് വിഷമിച്ചു കൊണ്ടിരുന്നു.

എനിക്ക് ഇതിനൊരു പരിഹാരം പറഞ്ഞുതരുവാൻ അപേക്ഷിച്ചു. കുറച്ചു നേരത്തേയ്ക്ക് ഞാനൊന്നും മിണ്ടിയില്ല. എന്നിട്ട് സാവകാശം പറഞ്ഞു. നിങ്ങളുടെ ദുഃഖം ആത്മാർത്ഥമാണെങ്കിൽ പരിഹാരമുണ്ട് ശ്രദ്ധിച്ചാലും. നിങ്ങളുടെ ചെവിക്കുറ്റിയ്ക്ക് അടികിട്ടേണ്ട കേസാണിത്. അത് കിട്ടിയില്ലല്ലോ എന്ന് കരുതി സമാധാനിക്കേണ്ട. അതുമുതലും പലിശയുമുൾപ്പെടെ പ്രകൃതി തന്നിരിക്കും. നിങ്ങളുടെ ഭാര്യാസഹോദരി ബഹളം വെച്ചില്ലായിരുന്നെങ്കിലോ നിങ്ങൾ കൂടുതൽ അപകടത്തിലേയ്ക്ക് വീഴുമായിരുന്നു. നിങ്ങൾക്കതിൽ ഒരു ആനന്ദം കിട്ടിയെന്നു വരാം. **പക്ഷേ, അതിന് പൈശാചിക ആനന്ദമെന്നാണ് പേര്. അതിനൊരു പ്രത്യേകതയുണ്ട്. ലഹരി കൂടുതലുള്ളതാണ്. പക്ഷേ, പൈശാചിക ആനന്ദം കാലക്രമേണ വിഷമായി പരിണമിക്കും. ദുരന്തങ്ങൾ ഉണ്ടാവുകയും ചെയ്യും. പരസ്ത്രീയെ തെറ്റായി കണ്ടാൽ കണ്ണ് ചൂഴ്ന്നു കളയണമെന്ന യേശുദേവന്റെ ആഹ്വാനം എത്ര അർത്ഥവത്താണ്.** രക്ഷപെടാനായി ഈ മാർഗ്ഗം പരീക്ഷിച്ചു നോക്കുക. 15 ദിവസത്തേയ്ക്ക് കായ്കനികൾ മാത്രം കഴിച്ച് ജീവിക്കുക, പ്രാർത്ഥനയും ജോലിയും തുടരുക. ശരീര മനസ്സുകൾ ഒന്ന് ശുദ്ധമാകട്ടെ. സഹധർമ്മിണി

യോട് ഒരു വൃതത്തിലാണെന്ന് മാത്രം പറയുക. 15 ദിവസം കഴിയുമ്പോൾ ഈ അന്ധകാരത്തിലും നിങ്ങൾക്ക് ഒരു ദീപം കാണാൻ കഴിയും. പള്ളിയിലെ അച്ചന്റെ മുന്നിലല്ല ഭാര്യയുടെ മുന്നിൽ തന്നെ ആദ്യം കുമ്പസരിക്കുക. അവൾ പറയുന്നതെല്ലാം കേൾക്കുക. ഒരക്ഷരം മിണ്ടിപ്പോകരുത്. തല്ലിയാൽ കൊള്ളുക. ഇതിനെല്ലാം തടസ്സം നിൽക്കുന്ന മനസ്സ് നിങ്ങളുടെ ഉള്ളിൽ ഇപ്പോഴും സജീവമായി ഉണ്ട്. അവനാണ് വില്ലൻ. സർവ്വ അനർത്ഥങ്ങൾക്കും കാരണക്കാരനായ അവനെ മനസ്സിൽ നിന്നും ആട്ടിയിറക്കുക. അല്ലെങ്കിൽ നിങ്ങളുടെ പ്രിയപ്പെട്ടവരുടെയും ദൈവത്തിന്റെയും ഹൃദയത്തിൽ നിന്നും നിങ്ങളെ ആട്ടിയകറ്റും.

ശബരിമലയ്ക്ക് പോയപ്പോൾ ഞങ്ങളുടെ മുന്തിരിങ്ങ തിന്നവരാരുമല്ല മർക്കടന്മാർ നമ്മളൊക്കെ തന്നെയാണ്. ജീവിതത്തിൽ വളരെ ശ്രദ്ധവേണം. ഒന്നും സാരമില്ലെന്ന് കരുതരുത്. “കരളിൽ വിവേകം കുടാതെ കണ്ടൊരുനിമിഷം ബത കളയരുതാരും”, മനസ്സിൽ നല്ല ചിന്തകൾ താനെ വളർന്നു വരില്ല നട്ട് വളവും വെള്ളവും കൊടുക്കണം. ദുഷ്ചിന്തകൾ ഒരു ശ്രമവും കൂടാതെ വളർന്നു വരും. നാം അതിന്റെ പുറകെ പോകുകയും ചെയ്യും. വെറുതെ ഒരു പുകവലി അല്ലെങ്കിൽ മുറുക്ക്, മദ്യപാനം, തനിക്ക് താത്പര്യമില്ലാത്തവരെ നിന്ദിക്കൽ, അയൽപക്കത്തേയ്ക്ക് ഒരു അവിഹിത നോട്ടം - ലക്ഷ്മണരേഖ ആരും കടക്കരുത്. സദാചാരത്തിൽ വിശ്വാസമില്ലാത്തവർക്ക് ഇത് കളിയായി തോന്നാം അത് സാരമില്ല. അവർക്കിഷ്ടംപോലെ അവർ ജീവിക്കട്ടെ, എന്താ കുഴപ്പം? എന്നാൽ കർമ്മഫലങ്ങൾ അവരെ പിൻതുടർന്ന് കടുത്ത യാതനകൾ ജന്മജന്മാന്തരങ്ങളായി അനുഭവിപ്പിക്കും. അപ്പോൾ ഞാനിതിലൊന്നും വിശ്വസിക്കാത്തവനാണെന്ന് പറഞ്ഞാൽ വിധിയിൽ ഇളവൊന്നും കിട്ടുകയില്ല. അന്ധനും, മൂകനും, ബധിരനും, മുടന്തനും ഉണ്ടാകുന്ന എല്ലാ ജന്മവൈവിധ്യങ്ങളുടെയും പിന്നിൽ ജഗന്നിയന്താവിന്റെ നിഷ്പക്ഷമായ വിധിയുണ്ടായിരിക്കും. ഇതൊന്നും കണ്ട് പൊട്ടിച്ചിരിക്കലല്ല നമ്മുടെ ധർമ്മം. ദുഃഖിതർക്ക് കഴിയുന്ന സേവനം ചെയ്തു കൊടുക്കുക. മാനസികമായി നമ്മളും വികലാംഗരാണ് എന്നറിയുക. നമ്മുടെ മാനിസികനില ഉയരാതെ അമ്പലത്തിലും പള്ളിയിലും പോയി നേർച്ച ഇട്ടാലൊന്നും നാം പ്രതിസന്ധികളിൽ രക്ഷപെടുക

യില്ല. പരസ്പരാശ്രയത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഈ ലോകത്തിൽ ഓരോരുത്തരും അവരുടെ ധർമ്മം അനുഷ്ഠിച്ചേ മതിയാകൂ. ആരേയും വെറുക്കരുത്. കുറ്റം കണ്ടാൽ കൈപിടിച്ച് ഉയർത്താൻ ശ്രമിക്കുക. പത്രത്താളുകളിലൂടെ ഡൽഹിയിലെ വണ്ടിയിൽ പീഡിപ്പിക്കപ്പെട്ട ഒരു മകളുടെയും, അഭയയുടെയും, സൗമ്യയുടെയും, സരിതാനായരുടെയും ഒക്കെ അനുഭവങ്ങൾ വായിച്ചറിയുമ്പോൾ അതാഘോഷിക്കാതെ മൗനമായി പ്രാർത്ഥിക്കുക. ഇനിയിങ്ങനെയൊന്നും ഭൂമിയിൽ സംഭവിക്കരുതേ. എന്നിട്ട് നമ്മുടെ ഉള്ളിൽ അത്തരം എന്തെങ്കിലും ദുഷ്ചിന്തകൾ ഉണ്ടോ എന്ന് പരതി നോക്കി കണ്ടുപിടിച്ച് നശിപ്പിക്കുക. കാമക്രോധാദികളുടെ തീപ്പൊരി നമ്മുടെ മനസ്സിൽ പറ്റിപ്പിടിക്കാതെ നമ്മുടെ മനോഭാവം ശരിയാക്കുക. വിറകിൽ പറ്റിപ്പിടിച്ചിരിക്കുന്ന തീപ്പൊരി കാറ്റത്ത് കത്തി വിറകിനെയും പിന്നെ വീടിനെയും കത്തിച്ച് ചാമ്പലാക്കാൻ ഇടയാകുമ്പോലെ മനസ്സിൽ കാമക്രോധാദികൾക്ക് ഇടം കൊടുത്താൽ അത് നമ്മളെയും നശിപ്പിക്കും. നമ്മുടെ മനസ്സിലെ ശത്രുക്കൾക്കെതിരെയും ജാഗ്രത പുലർത്തുക. ജയ്ജഗത്.

ഞങ്ങൾ തമ്മിൽ സംഭാഷണം നടന്നു കൊണ്ടിരിക്കെ വണ്ടി പത്തനംതിട്ടയിലെത്തി. അദ്ദേഹം സ്വയം വെളിപ്പെടുത്തുവാൻ തയ്യാറായില്ല. ഞങ്ങൾ ഹസ്തദാനം ചെയ്ത് പിരിഞ്ഞു. അസതോമാസദ്ഗമയ. തിരുവല്ലവഴി രാത്രി 10 മണിയോടെ എല്ലാവരും വീട്ടിൽ വന്നെത്തി. സ്വാമിയേ ശരണമയ്യപ്പാ.

---

# "പുതിയ ലോകം പുതിയ വഴി" ഒരു അനുചിന്തനം

(ഭാഗം 18)

*(ദർശനത്തിന്റെ ബൈബിളായ പുതിയ ലോകം പുതിയ വഴിയിലൂടെ ശ്രീ. ജോർജ്ജ് മൂലേച്ചാലിന്റെ കൈപിടിച്ച് ഒരു പഠനയാത്ര തുടരുന്നു, കൂടെ പോന്നോളൂ)*

## പുതിയ ലോകസംവിധാനം

രാഷ്ട്രാതിർത്തികൾ മായ്ച്ചുകളയുന്ന, സമ്പദ്വ്യവസ്ഥയെ നാണയമുക്തമാക്കുന്ന, തൊഴിലിനെ കൂലിപ്പണിയിൽനിന്നു മോചി

പ്പിക്കുന്ന, വിദ്യാഭ്യാസത്തെ പണം ആർജ്ജിക്കുകയെന്ന ലക്ഷ്യത്തിൽനിന്ന് മനുഷ്യനെ നല്ല ഭൂമിക്കാരനാക്കുക എന്ന ലക്ഷ്യത്തിലേക്കു പറിച്ചുനടുന്ന, ഭൂമിക്കാരനെന്ന നിലയിൽ ലോകത്തെവിടെയും സഞ്ചരിക്കാനും എവിടെനിന്നും എന്തും പഠിക്കുവാനും എന്തും എവിടെയും പഠിപ്പിക്കാനും ഓരോ വ്യക്തിക്കും സ്വാതന്ത്ര്യംനൽകുന്ന പങ്കജാക്ഷൻ സാറിന്റെ പുതിയ ലോകസങ്കല്പം മറ്റൊരു ചോദ്യം ഉയർത്തുന്നുണ്ട്. വ്യക്തികളെ സർവ്വതന്ത്രസ്വതന്ത്രരായി ഇപ്രകാരം അഴിച്ചുവിടുമ്പോൾ, ആ സമൂഹം ഒരുതരം അരാജകത്വത്തിലേക്കു നീങ്ങാനിടയില്ലേ എന്നതാണത്. അതായത്, അത്യുദാത്തമായ ഈ പുതിയ ലോകത്തിലും വ്യക്തികളെ നിയന്ത്രിക്കാൻ എന്തെങ്കിലുമൊരു ഭരണസമ്പ്രദായം ഉണ്ടാകേണ്ടതില്ലേ?

ഇവിടെ രണ്ടുകാര്യങ്ങൾ ഓർമ്മിക്കേണ്ടതുണ്ട്. ഒന്ന്, 'ഭൂമിക്കാരൻ' എന്ന മനോനിലയിൽത്തന്നെ, വിശാലമായ ഒരു സാമൂഹികബോധം വ്യക്തിയിൽ ഉൾച്ചേർന്നിട്ടുണ്ടാകും എന്നതാണ്. അവിടെ ഒരാൾ സ്വയം ഉയരാനാഗ്രഹിക്കുന്നത്, തന്റേയോ തന്റെ കുടുംബത്തിന്റേയോമാത്രം ഉയർച്ചയ്ക്കു വേണ്ടിയല്ല; ആകെ ലോകത്തിന്റെ ഉന്നതിക്കുവേണ്ടിയാണ്. ഇപ്രകാരം, സ്വകാര്യമാത്രപരതയിൽനിന്ന് പരാർത്ഥതാഭാവത്തിലേക്ക് ഉയർന്ന ഒരു സാംസ്കാരികനിലയിൽ ഒരു അരാജകത്വസാഹചര്യത്തിനു സാധ്യത വളരെ കുറവാണ്.

രണ്ടാമത്തെ കാര്യം, വ്യക്തിയുടെമേൽ സമൂഹത്തിനു യാതൊരു നിയന്ത്രണവും വേണ്ടതില്ല എന്നൊരു നിലപാട് അയൽക്കൂട്ടസമൂഹദർശനം മുന്നോട്ടുവയ്ക്കുന്നില്ല എന്നതാണ്. പുതിയ സമൂഹത്തിനും ഒരു ഭരണസമ്പ്രദായം കൂടിയേ കഴിയൂ എന്നുതന്നെയാണ് അതു പറയുന്നത്. പക്ഷേ, അത് വ്യക്തിയിൽനിന്നു വളരെ അകലെ സ്ഥിതിചെയ്യുന്ന അധികാരകേന്ദ്രങ്ങൾ ഇന്നു നിർവ്വഹിച്ചുപോരുന്ന രീതിയിലുള്ള ഒന്നായിരിക്കില്ല. അതെപ്രകാരമായിരിക്കുമെന്ന ചോദ്യത്തിന് പങ്കജാക്ഷൻ സാർ പറയുന്ന മറുപടിയിൽനിന്ന് അതു വ്യക്തമാണ്. അദ്ദേഹം പറയുന്നു: *"മനുഷ്യൻ എന്നും അപൂർണ്ണനായിരിക്കും എന്നുള്ളതുകൊണ്ട് അവൻ സാമൂഹികവിരുദ്ധനാകാൻ സാധ്യതയുണ്ട്. ആ നിലയ്ക്ക് വ്യക്തിയുടെമേൽ എന്നും ഒരു സാമൂഹികനിയന്ത്രണം കൂടിയേതീരൂ.*

*പുതിയ സമൂഹത്തിലും അതുണ്ടായിരിക്കും. എന്നാൽ, അത് ഇന്ന ത്തെമാതിരിയുള്ള മേലധികാരമായിരിക്കുകയില്ല..... നിയമം നിർമ്മി ക്കുന്നവർ, അതു നടപ്പിലാക്കുന്നവർ, നിയമപാലകർ, ഇതിന്റെ യെല്ലാം ഫലം അനുഭവിക്കുന്നവർ എന്നീ നാല് വ്യത്യസ്തതല ങ്ങൾ ഇന്നുള്ളമാതിരി അന്നുണ്ടായിരിക്കുകയില്ല. പ്രാദേശികസ മൂഹങ്ങൾ അവർക്കുവേണ്ടി നിയമമുണ്ടാക്കുന്നു. അവർതന്നെ അതു നടപ്പിലാക്കുന്നു. പരിരക്ഷിക്കുന്നു. അതിന്റെ ഫലം അനുഭ വിക്കുന്നു. ലോകത്തിനാകെ ഒരു നിയമം വേണ്ടിവരില്ല. ലോക മാകെ എല്ലാ സ്ഥലങ്ങളിലും പ്രാദേശികചെറുസമൂഹങ്ങൾ ഉണ്ടാ യിരിക്കും. അവ പരസ്പരം ബന്ധപ്പെട്ടിരിക്കുകയും നിയന്ത്രിക്കു കയും ചെയ്യും"* (പേജ് 66; 2-ാം പതിപ്പ്, പേജ് 52). വ്യക്തികളെ ശിക്ഷിക്കാൻപോലും ഈ ഭരണസമ്പ്രദായത്തിന് അധികാരമുണ്ടാ യിരിക്കും എന്നദ്ദേഹം തുടർന്നു വിശദീകരിക്കുന്നുണ്ട്. പക്ഷേ, അതെല്ലാം ശിക്ഷണം എന്ന നിലയിലായിരിക്കും.

ഈ 'ഭരണ'സമ്പ്രദായത്തെ എളുപ്പം മനസ്സിലാക്കാൻ, എല്ലാ വർക്കും അറിവും അനുഭവവുമുള്ള തങ്ങളുടെ കുടുംബത്തിന്റെ നടത്തിപ്പ് എങ്ങനെയാണെന്നു നോക്കിയാൽമതിയെന്നു തോന്നു ന്നു. എല്ലാ കുടുംബാംഗങ്ങളും തങ്ങളുൾപ്പെടുന്ന ആകെ കുടും ബത്തിനുവേണ്ടിയാണ് പൊതുവെ നിലകൊള്ളുന്നതും പ്രവർത്തി ക്കുന്നതും. സ്വന്തം കുടുംബപരിധിക്കുള്ളിൽ ഇന്നും, തൻകാര്യ വ്യഗ്രത പൊതുവേ കുറവും കുടുംബത്തിലെ മറ്റുള്ളവരെക്കുറി ച്ചുള്ള വ്യഗ്രത കൂടുതലുമാണ്; ആകെ കുടുംബത്തിന്റെ ഉയർച്ച യാണ് എല്ലാവരുടെയും ലക്ഷ്യം. എങ്കിലും, അവിടെയും സ്വന്തം കാര്യവുമായി മുന്നോട്ടുപോകുന്നവരും തീർത്തും അലസരായി ത്തീരുന്നവരും ഉണ്ടായെന്നുവരാം. അത്തരം സാഹചര്യങ്ങളിൽ, ആ കുടുംബസമൂഹത്തിന്റേതായ ഒരു 'ഭരണ'സമ്പ്രദായം അവിടെ പ്രയോഗത്തിൽ വരുകയും, സ്നേഹ-വാത്സല്യങ്ങളോടുകൂടിയും, ചിലപ്പോൾ കർക്കശമായിത്തന്നെയും ഇടപെട്ട് ആ കുടുംബാം ഗത്തെ തിരുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. സ്വന്തമെന്ന ഭാവം നിലനിർത്തി ശിക്ഷിക്കുകവരെ ചെയ്യുന്നു, കുടുംബസമൂഹ ത്തിൽ.

പങ്കജാക്ഷൻ സാറിന്റെ സങ്കല്പത്തിലുള്ള പുതിയ സമൂ

ഹമെന്നാൽ, ഇപ്പോഴത്തെ കുടുംബസമൂഹത്തിന്റെതന്നെ ലോക ത്തോളം വളർന്നുപന്തലിച്ച ഒരു വിശാലകുടുംബസമൂഹംതന്നെ യാണ്. കുടുംബബോധത്തെ സ്വന്തം അണുകുടുംബത്തിന്റെ പുറ ത്തേക്ക്, അയൽപക്കകുടുംബസമൂഹം എന്ന തലത്തിലേക്കും ഗ്രാമ -പഞ്ചായത്ത് കുടുംബസമൂഹങ്ങൾ എന്ന തലങ്ങളിലേക്കും, തുടർന്ന് 'വസുധൈവകുടുംബകം' എന്ന വിശ്വമാനവികകുടുംബം എന്ന തലത്തിലേക്കും ഓരോരുത്തരും വ്യാപിപ്പിക്കുമ്പോൾ സംഭ വിക്കുന്നതാണ് ഈ പുതിയ ലോകം. ഇപ്രകാരം, കുടുംബബോധ ത്തിന്റെ വ്യാപനത്തിലൂടെ പിറവികൊള്ളുന്ന ഒരു ലോകത്തിന്റെ സംവിധാനം സ്വാഭാവികമായും, കുടുംബസമൂഹത്തിലെ സംവിധാ നത്തിന്റെ വിപുലീകൃതരൂപമായിരിക്കുമല്ലോ.

ഈ പുതിയ സമൂഹത്തിന്റെയും അതിന്റെ ഘടനാസംവി ധാനത്തിന്റെയും പ്രാഗ്രൂപമായി പങ്കജാക്ഷൻസാറിന്റെ മനസ്സിലു ണ്ടായിരുന്നത് ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സങ്കല്പമായിരുന്നെന്ന് 'എന്റെ ഗ്രാമം' എന്ന അദ്ദേഹത്തിന്റെ ആദ്യഗ്രന്ഥത്തിൽനിന്നു മന സ്സിലാക്കാം. ഗാന്ധിജിക്കു പക്ഷേ, ഗ്രാമസ്വരാജ് സംവിധാനത്തെ താത്വികമായി സമർത്ഥിക്കാനും അതിന്റെ ഒരു വിദൂരദൃശ്യം അവ തരിപ്പിക്കാനുംമാത്രമേ കഴിയുകയുണ്ടായുള്ളൂ. അതേക്കുറിച്ച് ഗാന്ധിജിതന്നെ എഴുതിയിട്ടുള്ളത്, *"അയൽഗ്രാമങ്ങളും കേന്ദ്രം എന്നൊന്നുണ്ടെങ്കിൽ അതുമായുള്ള ബന്ധം എങ്ങനെയാകണം എന്നതിനേക്കുറിച്ചു ഞാൻ വിശകലനം നടത്തിയിട്ടില്ല. ഗ്രാമഭരണ ത്തിന്റെ ഒരു രേഖാരൂപം നൽകണമെന്നേ ഞാനുദ്ദേശിച്ചിട്ടുള്ളൂ"* എന്നാണ് (സത്യത്തിന്റെ സ്വരം - പേജ്, 234). എങ്കിലും, ഗ്രാമ ങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു നവസമൂഹത്തെക്കുറിച്ച് മനു ഷ്യരിൽ ഭാവനയുദിപ്പിക്കാനും ഉൾക്കാഴ്ചനൽകാനും ഗാന്ധിജിക്കു കഴിഞ്ഞു. തന്റെ സങ്കല്പത്തിലുള്ള ഗ്രാമസ്വരാജിന്റെ ഒരു ഭാവനാ ചിത്രം ഗാന്ധിജി ഇങ്ങനെ വിരചിക്കുന്നു: *"അസംഖ്യം ഗ്രാമങ്ങൾ ചേർന്നുള്ള ഈ ചട്ടക്കൂടിൽ പുതിയ മാനങ്ങൾ ഉണ്ടായിക്കൊ ണ്ടേയിരിക്കും. ജീവിതം താഴത്തെ അടിത്തറയിൽ ഉയർത്തിക്കെ ട്ടിയ ഒരു പിരമിഡ് ആവില്ല. വ്യക്തിയെ കേന്ദ്രീകരിച്ചിരിക്കുന്ന വലി യൊരു സാമുദ്രികവലയമാണത്. വ്യക്തിയാകട്ടെ, ഗ്രാമവികസന ത്തിനുവേണ്ടി ആത്മത്യാഗം ചെയ്യാൻവരെ തയ്യാറാണുതാനും...*

*അവിടെ ബാഹ്യവലയം ആന്തരികവലയത്തെ സമ്മർദ്ദംചെലുത്തി നശിപ്പിക്കുന്നില്ല. പകരം, ശക്തിനൽകിയും അതുവഴി ശക്തിനേടിയും നിലനിൽക്കുന്നു... ഞാൻ പറഞ്ഞ ആശയം സാക്ഷാത്ക്കരിക്കാൻ ഇന്ത്യ പ്രയത്നിക്കട്ടെ... ഓരോഗ്രാമവും സ്വയം ഭരണസ്ഥാപനങ്ങളായി മാറട്ടെ"* (മുൻഗ്രന്ഥം: പേജ്, 299–300).

ഗാന്ധിജിയുടെ ഈ ആഹ്വാനം ഏറ്റെടുക്കുകയായിരുന്നിരിക്കണം, പങ്കജാക്ഷൻസാർ. "സത്യഗ്രഹത്തിന്റെ എല്ലാ നിയമങ്ങളും ഇനിയും വെളിവായിക്കഴിഞ്ഞിട്ടില്ല" (മുൻഗ്രന്ഥം: പേജ്, 168) എന്ന ഗാന്ധിജിയുടെതന്നെ വാക്കുകൾ അതു സംബന്ധിച്ച സത്യാന്വേഷണത്തിന് സ്വതന്ത്രവും മൗലികവുമായ പുതിയ വഴിവെട്ടാൻ അദ്ദേഹത്തെ ഉത്തേജിപ്പിച്ചിരിക്കാം.

ഗ്രാമസ്വരാജ് എന്ന ലക്ഷ്യത്തിൽ അടിയുറച്ചുനിന്നുള്ള സർഗ്ഗാത്മകമായ ഒരു സ്വാതന്ത്ര്യസമരം സ്വപ്നംകണ്ട് 1908-ൽ ഗാന്ധിജി എഴുതിയ 'ഹിന്ദുസ്വരാജ്' എന്ന ഗ്രന്ഥത്തെക്കുറിച്ചു പിന്നീടു ഗാന്ധിജി എഴുതി: *".....അതിലെ ആശയങ്ങളിലെക്കു വിശ്വാസം കൂടിയിട്ടേയുള്ളൂ. എന്നാൽ വായനക്കാരനു മുന്നറിയിപ്പെന്ന നിലയിൽ എനിക്കൊന്നു പറയാനുണ്ട്. പുസ്തകത്തിൽ വിവരിച്ച മട്ടിലുള്ള സ്വരാജിനുവേണ്ടിയല്ല ഞാനിപ്പോൾ യത്നിക്കുന്നത്. അതിനുമാത്രം പക്വത ഇന്ത്യയ്ക്കു കൈവന്നിട്ടില്ല.... ഇന്ത്യക്കാരുടെ ഹിതംമാനിച്ച് പാർലിമെന്ററി സ്വരാജ് നേടലാണ് ഇപ്പോഴത്തെ എന്റെ പ്രവർത്തനലക്ഷ്യം. ...ഇന്ത്യ അതിന്റെ സ്നേഹസിദ്ധാന്തം മതപരവും രാഷ്ട്രീയവുമായ തലങ്ങളിൽ പ്രാവർത്തികമാക്കിയിരുന്നുവെങ്കിൽ, സ്വരാജ് സ്വർഗ്ഗത്തിൽനിന്ന് താനേ ഇറങ്ങിവരുമായിരുന്നു"* (യംഗ് ഇന്ത്യ', 1921 ജനുവരി).

സാഹചര്യങ്ങളുടെ സമ്മർദ്ദമില്ലായിരുന്നെങ്കിൽ, സത്യഗ്രഹത്തിന്റെ കൂടുതൽ നിയമങ്ങൾ കണ്ടെത്താനും ഇന്ത്യയെ പക്വതയിലേക്കു നയിക്കാനുമുള്ള അന്വേഷണങ്ങളിലും പ്രവർത്തനങ്ങളിലും ഗാന്ധിജി മുഴുകുമായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. ഗാന്ധിജിക്കു കഴിയാതെപോയ ഈ ദൗത്യം ഏറ്റെടുക്കുകയായിരുന്നു, പങ്കജാക്ഷൻസാർ. വൻരാഷ്ട്രസങ്കല്പവും അതികേന്ദ്രീകൃതമായ രാഷ്ട്രീയാധികാരസങ്കല്പവും കൊടികുത്തി വാണിരുന്ന ഒരു ചരിത്രഘട്ടത്തിൽ, ചെറുഗ്രാമങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു രാഷ്ട്രസ

ങ്കല്പം മുന്നോട്ടുവച്ച ഗാന്ധിജിയുടെ ചിന്താവിപ്ലവത്തിന് കാലുകൾ നൽകുകയാണ് അദ്ദേഹം ചെയ്തത്. ബന്ധുത്വബോധത്തിലൂന്നിയുള്ള അദ്ദേഹത്തിന്റെ നവസമൂഹരചനാസിദ്ധാന്തം യഥാർത്ഥത്തിൽ ഗാന്ധിജിയുടെ സ്നേഹസിദ്ധാന്തത്തിന്റെ പ്രാവർത്തികരൂപംതന്നെയാണ്. ബന്ധുത്വബോധം ഏറ്റവും പ്രകടമായുള്ളത് സമൂഹത്തിന്റെ ഏറ്റവും ചെറിയ രൂപമായ കുടുംബത്തിലാണ്. അങ്ങനെയെങ്കിൽ, 'ലോകം ഒരു കുടുംബം' എന്ന ബോധത്തിലേക്ക്, പക്വതയിലേക്ക്, മനുഷ്യനെ നയിക്കാൻ കുടുംബത്തിലും അതിന്റെ ചുറ്റുപാടിലുംനിന്നുകൊണ്ടു തന്നെയാണു പ്രവർത്തിക്കേണ്ടത് എന്നു വരുന്നു.

മനുഷ്യരെ പക്വതയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ താരതമ്യേന വലുതായ ഗ്രാമസമൂഹത്തിൽ നടത്തുക സാധ്യമല്ലെന്നും, വളരെ ചെറിയ അയൽപക്കസമൂഹങ്ങൾ കേന്ദ്രീകരിച്ച് ഓരോ കുടുംബത്തെയും വ്യക്തിയെയും ബന്ധുത്വബോധത്തിൽ ഉണർത്തിക്കൊണ്ടുമാത്രമേ അതുസാധിക്കൂ എന്നുമുള്ള കണ്ടെത്തലാണ് പങ്കജാക്ഷൻ സാറിന്റെ ഈ ദിശയിലുള്ള മൗലികസംഭാവന എന്നു പറയാം.

ഫോൺ: 9497088904

# കത്തുകൾ

1. വാസുദേവക്കുറുപ്പ്, കഞ്ഞിപ്പാടം

ഫോൺ : 9961490983

## നിഷ്പക്ഷാധിപനിലെ നിസ്സംഗത്വം

ഗുരുതുല്യനായ സ്ഥാപക പത്രാധിപരുടെ ധീരസ്വരം ഉയരുന്നതായിരുന്നു സ്മരണാഞ്ജലിയും, പൂന്തേനരുവിയും വായിച്ചറിഞ്ഞപ്പോഴുണ്ടായ ഒരു അനുഭൂതി. ഇപ്പോൾ, ദർശനം 44-ാം പുസ്തകം വായിച്ചപ്പോൾ ദർശനത്തിന് നിഷ്പക്ഷതയും, ദൃഢതയും കൈവന്ന ഒരവസ്ഥ ദൃശ്യമായി. എല്ലാവർക്കും നൽകിയ ഓണാശംസയും, സനൽകുമാർ പറഞ്ഞുതന്ന വിവേകാനന്ദന്റെ കഥയും ഏറെ ശ്രദ്ധേയമായി.

കണ്ണനുണ്ടായ അത്യാഹിത സംഭവം, വായിച്ചറിയാൻ കഴി

ഞ്ഞതും അതിന്റെ തീക്ഷ്ണത എത്രത്തോളം ശക്തമായിരുന്നു വെന്ന് ബോദ്ധ്യപ്പെടുന്നതുമായിരുന്നു വിവരണം. ആചാര്യ വിനോ ബാഭാവെയുടെ ഭൂമിദാനവും, ഒരമ്മ മകനോട് എങ്ങനെ പെരുമാ റിയാൽ ലോകോപകാരിയായ ഒരു മകനെ ലഭിക്കുമെന്ന് പുത്‌ലീ ബായിയുടെ വാക്കുകളിലൂടെ മനസ്സിലാക്കിത്തരുവാനും ദർശന ത്തിനു കഴിഞ്ഞു. പൊതുവെ ഈ ലക്കം നിഷ്പക്ഷതയിലൂടെ നിസ്സം ഗത്വം പ്രകടമാക്കുന്നതായിരുന്നു ഓരോ വിഷയത്തിനും നൽകിയ ഗാംഭീര്യം. ദർശനത്തിന്റെ ഈ ഉണർവ്വ് അചഞ്ചലം നിലനിൽക്കട്ടെ എന്ന് ജഗദീശ്വരനോടു പ്രാർത്ഥിക്കുന്നു. എല്ലാ ഭാവുകങ്ങളും ദർശനത്തിന് നേരുന്നു.

---

2. ബി. ഇന്ദിരാദേവി
ഇന്ദാരിവീട്, എസ്.എൽ.പുരം
ഫോൺ : 8281961391

## ഓർമ്മ

ഏതാണ്ട് മുപ്പതിൽപ്പരം വർഷങ്ങൾക്കു മുൻപ് ഗ്രാമഭംഗിനി റഞ്ഞ ഒരു ഗ്രാമത്തിലായിരുന്നു ഞങ്ങളുടെ വീട്. എന്റെ ഭർത്താ വിനോടൊത്ത് (ശ്രീ. മധുവനം ഭാർഗ്ഗവൻ പിള്ള) നീണ്ടുമെലിഞ്ഞ് അജാനുബാഹുവായ ഒരു വ്യക്തി വീട്ടിലേയ്ക്കു വന്നു. അദ്ദേഹം പുറംതിണ്ണയിലിരുന്ന ജലം കൊണ്ട് കാൽപ്പാദങ്ങൾ കഴുകിയ ശേഷമാണ് അകത്തേയ്ക്കു കടന്നത്. തിണ്ണയിൽ ഇട്ടിരുന്ന കസേ രയിൽ അദ്ദേഹം ഉപവിഷ്ടനായി. ശുദ്ധമായ ഖദർവസ്ത്രങ്ങൾ, ഗാംഭീര്യം വിളിച്ചറിയിക്കുന്ന ഖദർഷാൾ, വളഞ്ഞകാലോടു കൂടിയ നെടിയകുട, തോളിൽ തൂക്കിയിട്ടിരിക്കുന്ന ഖദറിൽ തയ്ച്ച തോൾ സഞ്ചി, നഗ്നമായ പാദങ്ങൾ. എത്ര ശാന്തഗംഭീരമായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതം. ഞങ്ങൾ കുടുംബാംഗങ്ങൾ, വൃദ്ധരായ അച്ഛനമ്മമാർ ഉൾപ്പെടെ ഉള്ളവർ അത്യാദരപൂർവ്വം അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. നാട്ടു വർത്തമാനങ്ങളും, വീട്ടു വർത്തമാന ങ്ങളും പറഞ്ഞിരുന്നു. എഴുത്തിലും, കവിതകൾ പാടുന്നതിലും കേമനായിരുന്ന എന്റെ ഭർത്താവ് കുറുപ്പുസാറിന്റെ മഹത്വത്തെ പ്പറ്റി പറഞ്ഞ് ഞങ്ങളെ മനസ്സിലാക്കിത്തന്നു.

സാറിന് കുടിക്കാനെന്തെങ്കിലും തരട്ടെ എന്ന് ഞാൻ ചോദി ച്ചു. ആദരപൂർവ്വം പറഞ്ഞത് ആട്ടിൻപാൽ കാച്ചിയതാണെങ്കിൽ

കഴിക്കാം എന്നാണ്. ഞാൻ വളർത്തുന്ന ആടിന്റെ പാലു തന്നെ അദ്ദേഹത്തിനു കാച്ചിക്കൊടുത്തു.

ഉച്ചയൂണിന്റെ സമയമായി. അദ്ദേഹത്തെ ഞങ്ങളോടൊപ്പം ഊണുകഴിക്കാൻ ക്ഷണിച്ചു. സ്വന്തം ബാഗിൽ സൂക്ഷിച്ചിരുന്ന ഉച്ച ഭക്ഷണം, ചോറും, നല്ല ചമ്മന്തിയും അദ്ദേഹം പുറത്തെടുത്തു. ഏതു യാത്രയിലും ഭക്ഷണം കയ്യിൽ കരുതുന്ന ശീലം. ഞങ്ങൾക്കൊപ്പമിരുന്ന് ഊണുകഴിച്ചു. വീട്ടിലെ അവിയൽ പങ്കിട്ടു. വൃദ്ധരായ അച്ഛനമ്മമാരെ സ്നേഹവാത്സല്യപൂർവ്വം തൊട്ടുതൊഴുതു. പരസ്പരം സ്നേഹം, വിശ്വാസം, വിശാലമനസ്കത ഇവയെല്ലാം അദ്ദേഹത്തിൽ ദർശിക്കുവാൻ കഴിഞ്ഞു.

ഇന്ന് നാട്ടിൽ ഘോഷിക്കുന്ന കുടുംബശ്രീയ്ക്ക് എത്രയോ മുൻപുതന്നെ ക്രാന്തദർശിയായ കുറുപ്പുസാർ, അയൽക്കൂട്ടവും, നാട്ടുകൂട്ടവും സംഘടിപ്പിച്ചു കഴിഞ്ഞിരുന്നു. വളരെ ചുരുക്കം പേർ മാത്രമേ അതിനെപ്പറ്റി അറിവുള്ളവരായി ഇന്ന് കാണുകയുള്ളൂ. ഗാന്ധിയൻ ആദർശങ്ങൾ ജീവിതപന്ഥാവിൽ പ്രാവർത്തികമാക്കിയ ചിന്താധാര എത്ര മഹത്തരമായിരുന്നു. നന്മകൾ മാത്രം ലോകർക്കു ചെയ്തു കൊണ്ട് നടന്നു നീങ്ങിയ ഡി. പങ്കജാക്ഷക്കുറുപ്പുസാറിന് ആയിരം പ്രണാമങ്ങൾ.

*''ദർശനം'' നമ്മൾക്കെന്നും*
*ജീവിതം ദർശിക്കുവാൻ*
*പാവനം കഴിവേകും*
*പാൽക്കടലായീടുന്നു.*

*ആട്ടിന്റെ പാലും നൽകി–*
*യാത്രയും ചൊല്ലിപ്പോയ*
*സാറിനെ വീണ്ടും കാണാൻ*
*ഭാഗ്യവും ഉണ്ടായില്ല.*

എങ്കിലും ഇന്ന് ദർശനം കാണുമ്പോൾ ഒരു സന്തോഷം. ധർമ്മം എന്നും നിലനിൽക്കുമല്ലോ.

# പൊതുവിവരങ്ങൾ

1. **ഇടത്താവളം** :– ലക്ഷ്യവും മാർഗ്ഗവും ശുദ്ധമായിരിക്കണം. ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗമദ്ധ്യേ ഊർജ്ജം വീണ്ടെടുക്കുവാൻ ഇടത്താവളം ഉപയോഗിക്കാം. ലക്ഷ്യം മറന്ന് ഇടത്താവളത്തിൽ കിടക്കരുത്. ഒരിക്കലൊരാൾ ദേവാലയത്തിൽ ദർശനത്തിന് പോയി. കുറേ നടന്ന് കഴിഞ്ഞപ്പോൾ ക്ഷീണിച്ചൊരു നദിക്കരയിലിരുന്നു.

അവിടെ കുട്ടികൾ ചൂണ്ടയിടുന്നത് കണ്ടു. നല്ല രസം തോന്നി അവിടെ ഇരുന്നപ്പോൾ നേരം പോയതറിഞ്ഞില്ല. സന്ധ്യയാകാറായി. ഇനി നടന്നാൽ ക്ഷേത്രത്തിലെത്തില്ല. തിരിച്ചു പോയാൽ വീട്ടിലുമെത്തില്ല. എന്നാൽ പിന്നെ ഇവിടെത്തന്നെ കിടക്കാം. ഇങ്ങനെ ആവരുത് ജീവിതം. ഒരാൾ കുളിക്കാനിറങ്ങുന്നത് എന്തിനാണ്? വെള്ളത്തിൽ കിടക്കാനല്ല കുളിച്ചു കയറാനാണ്. ഒരാൾ പരീക്ഷയെഴുതുന്നത് എന്തിനാണ്? ജയിക്കാനാണ്. ആ പരീക്ഷ വീണ്ടും എഴുതാതിരിക്കുവാനാണ്. മനുഷ്യജന്മം അതു തുടരാനല്ല നല്ല കർമ്മങ്ങൾ ചെയ്ത് മരണശേഷം ഉയർന്ന തലങ്ങളിലോട്ട് പ്രവേശിക്കുക തന്നെ വേണം. ഗാർഹസ്ഥ്യം പോലും വാനപ്രസ്ഥത്തിന്റെ മുന്നോടിയാണ്. ഇനി ഒരാൾ ഔഷധം കഴിക്കുന്നതെന്തിനാണ്? ഔഷധം കഴിക്കാതിരിക്കുവാനാണ്. ഔഷധത്തിനിടയായ രോഗാവസ്ഥയെ തരണം ചെയ്ത് ആരോഗ്യം വീണ്ടെടുക്കുവാനുള്ള ഇടത്താവളം മാത്രമാണ് ഔഷധസേവയുടെ കാലം. അല്ലാതെ ജീവപര്യന്തം മരുന്നു കഴിക്കാനല്ല. ജീവപര്യന്തം കഴിക്കാൻ വിധിക്കുന്നതൊന്നും ഔഷധമല്ല. അവ രോഗത്തെ നിലനിർത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യും. അതു മോചന മാർഗ്ഗമല്ല. മനുഷ്യന് വീണ്ടുവിചാരം ആവശ്യമാണ്. രോഗത്തെയല്ല രോഗകാരണത്തെ ഇല്ലായ്മ ചെയ്യുന്നതാണ് ഔഷധം. കൊളസ്ട്രോൾ കൂടിയാലോ, പ്രഷറോ, ഷുഗറോ വർദ്ധിച്ചാലോ അവയെ താത്കാലികമായി കുറച്ചിട്ട് കാര്യമില്ല. എന്തു കൊണ്ട് അവ ഉണ്ടായി, ആ കാരണത്തെ ഒഴിവാക്കുമ്പോൾ രോഗവും മാറും. കർമ്മം ചെയ്യുന്നത് അതിന്റെ മർമ്മം അറിഞ്ഞുവേണം. ജീവിതചര്യ ശരിയാക്കുക. ഉപവാസം കൊണ്ടും കായ്കനികൾ കഴിച്ചും യോഗ ചെയ്തും ഔഷധത്തിന്റെ ആവശ്യം തന്നെ ഒഴിവാക്കാൻ കഴിയും. ഇതിന് കഴിയാത്തവർ അത്യാവശ്യത്തിന് ഔഷധം തുടരുക. ദീർഘകാലമായി ഔഷധങ്ങൾക്ക് അടിമയായവർക്ക് മോചനം സാധ്യമാകുന്നില്ലെങ്കിൽ പുതിയ തലമുറയ്ക്ക് അങ്ങനെ ഒരു അവസ്ഥ വരാതിരിക്കുവാൻ ശ്രദ്ധിക്കുക. കർമ്മനിരതനായ മനുഷ്യനിൽ കൈകൾ സേവനനിർഭരമാകട്ടെ. മനസ്സ് നിശ്ചലമായിരിക്കണം, ഏകാഗ്രമായിരിക്കണം. മനസ്സ് ചലിച്ചു കൊണ്ടിരുന്നാൽ അത് ദുർബലവും രോഗങ്ങൾക്ക് കാരണവുമാകും. ശരീരം നിശ്ചലമായാലോ? അത് മലിനീകരണം കൊണ്ട് രോഗങ്ങളുടെ കൂടാകും. ആട്ടുകല്ലും അതിന്റെ കുഴവിയും പോലെ

ആകുക. ആട്ടുകല്ലിനനക്കമില്ല കുഴവി കറങ്ങിക്കൊണ്ടിരിക്കും. നിശ്ച ലമായ മനസ്സും + സേവനതത്പരമായ ശരീരവും = ആനന്ദകര മായ ജീവിതം. "തമസോമാ ജ്യോതിർഗമയ".

2. ഗാന്ധിജയന്തി :- ഹരിപ്പാട് സമഭാവനയുടെ മദ്യവർജ്ജന ഉപവാസ യോഗത്തിലും പുന്നപ്ര ദർശനം റസിഡൻസ് അസോ സിയേഷൻ വാർഷിക സമ്മേളനത്തിലും വണ്ടാനം എളിമ പുരുഷ സ്വയം സഹായസംഘം മെഡിക്കൽ ക്യാമ്പിലും പങ്കെടുത്ത് ദർശനം ആശയങ്ങൾ അവതരിപ്പിക്കുവാൻ അവസരം ഉണ്ടായി.

3. **അനുമോദനങ്ങൾ** : ശ്രീ. ചന്ദ്രൻ പുറക്കാടിന്റെ 80-ാം ജന്മ ദിനമായ നവംബർ 23-ാം തീയതി സുഹൃത്തുക്കളും കുടുംബാംഗ ങ്ങളും ഒത്തുചേരുന്ന ഒരു പരസ്പരാനന്ദ ദിനമായി മക്കൾ ആഘോ ഷിക്കുന്നു. സാഹിത്യ-കലാ രംഗങ്ങളിൽ തന്റേതായ സംഭാവന കൾ നൽകിക്കൊണ്ടിരിക്കുന്ന, കുറുപ്പുസാറിന്റെ ഈ പ്രിയ ശിഷ്യന് ആയുരാരോഗ്യസൗഖ്യം നേരുന്നു. ദർശനം.

4. **ദർശനം കുട്ടികളിൽ** :- കാക്കാഴം ഹയർ സെക്കണ്ടറി സ്കൂളിൽ ഹംസാസാറിന്റെ നേതൃത്വത്തിൽ 40 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് മാനുഷികധ്യാനം ഉൾപ്പെടെയുള്ള ആശയങ്ങൾ വിശദീകരിച്ചുകൊ ടുത്തു. ശ്രീ. ചന്ദ്രൻ പുറക്കാടും പത്രാധിപരും പങ്കെടുക്കുകയു ണ്ടായി. കൃഷ്ണപ്രിയ എന്ന കുട്ടിയ ചുതലക്കാരിയാക്കി തുടർ പ്രവർത്തനങ്ങൾ ഏൽപ്പിച്ചു. പ്രിൻസിപ്പാൾ ശ്രീമതി കുമാരി ടീച്ചർ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ കൊടുത്തു.

5. വിവാഹം :- സഹോദരി രമയുടെ മകൻ ശബരീഷ് ഡിസം ബർ 9ന് ഏറ്റുമാനൂർ ക്ഷേത്രത്തിനടുത്തുള്ള ശ്രീശൈലം ആഡി റ്റോറിയത്തിൽ വെച്ച് രാവിലെ 11.30ന് വിവാഹിതനാകുന്നു. പേരൂർ സ്വദേശി രാധാകൃഷ്ണൻ നായരുടെയും സുമാദേവിയുടെയും മകൾ കൃഷ്ണപ്രിയയാണ് വധു. പത്താം തീയതി ഞായറാഴ്ച കഞ്ഞിപ്പാടത്ത് കൊന്നപ്പാട്ട് കുടുംബവീട്ടിൽ വൈകിട്ട് 5 മുതൽ ഒരു സ്നേഹവിരുന്നും നടത്തുന്നു. ദർശനം മിത്രങ്ങൾക്ക് എവി ടെയും സ്വാഗതം.

6. **ശ്രീ. മുരളീധര മേനോൻ** :- സാറിന്റെ ആറാം അനുസ്മരണ സമ്മേളനം ആലപ്പുഴയിൽ എസ്.ഡി.വി സ്കൂളിൽ സമംഗളം നട ന്നു. ഡോ. സുനിൽ പി. ഇളയിടമായിരുന്നു മുഖ്യ പ്രഭാഷകൻ.

നൂറ്റിയമ്പതോളം പേർ പങ്കെടുത്തു. പ്രൊഫ. ഇന്ദുലാൽ സ്വാഗതവും, പ്രൊഫ. പി.കെ രവീന്ദ്രനാഥൻ നായർ മേനോൻസാറിനെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്തു. ഭൗതിക സമൃദ്ധിയുടെ മോഹവലയത്തിൽപ്പെട്ട് മൂല്യച്യുതി ബാധിച്ച വിദ്യാർത്ഥികൾക്കും സമൂഹത്തിനും ഭാരതീയ സംസ്കൃതിയുടെ അനശ്വരമായ ദർശനങ്ങൾ പകർന്നു നൽകിയ മുരളീധര മേനോൻ സാറിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## 7. ദേഹവിയോഗങ്ങൾ :-

1. **പത്മകുമാരി കഞ്ഞിപ്പാടം (72)** :- കഞ്ഞിപ്പാടത്ത് പത്മവിലാസത്തിൽ പത്മം ചേച്ചി ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് അന്തരിച്ചു. അച്ഛന്റെ ജേഷ്ഠന്റെ പുത്രിയായ ചേച്ചി ആറന്മുളയ്ക്കടുത്ത് മാലക്കരയിൽ ജീവിച്ചിരുന്ന മഹായോഗിയായ ആത്മാനന്ദ ഗുരുദേവന്റെ ശിഷ്യയായിരുന്നു. വട്ടപ്പായിത്ര ക്ഷേത്രാചാരങ്ങളോടനുബന്ധിച്ച് പൗർണ്ണമി സംഘത്തിന് രൂപം കൊടുത്ത ചേച്ചി നല്ല ഒരു കലാകാരിയാണ്. ഭാഗവതസത്ര വേദികളിലെ നിറസാന്നിദ്ധ്യമായിരുന്ന ചേച്ചിയുടെ പ്രവർത്തന ഫലമായി രൂപം കൊണ്ട കഞ്ഞിപ്പാടത്തെ ഭക്തിപ്രസ്ഥാനം ഇന്നും ക്ഷേത്രാചാരങ്ങൾക്ക് മാറ്റു കൂട്ടുന്നു. രോഗബാധിതയായപ്പോൾ ഭർത്താവ് ചിന്നപ്പൻ ചേട്ടനോടൊപ്പം വടക്കൻ പറവൂരിൽ മകൾ ഡോ. ജ്യോതിയോടൊപ്പമായിരുന്നു താമസം. മരിക്കുന്നതിന് മൂന്നു നാൾ മുമ്പ് ഫോണിൽ ചേച്ചിയെ വിളിച്ചിരുന്നു. സന്തോഷത്തോടെ ആരോഗ്യത്തെപ്പറ്റിയാതൊരു ആശങ്കകളൊന്നുമില്ലാതെയായിരുന്നു സംസാരം. കഞ്ഞിപ്പാടത്തിന്റെ ഈ പുത്രിക്ക് ദർശനത്തിന്റെ പ്രണാമങ്ങൾ.

2. **ജയശങ്കർ** :- ഒരു വാഹനാപകടത്തെ തുടർന്ന് "ആർ.എഫ് ലെ" ജയകൃഷ്ണന്റെയും പ്രൊഫ. രാജശ്രീയുടെയും പുത്രനായ ജയശങ്കർ (20) നമ്മെ വിട്ടുപിരിഞ്ഞു. ദർശനം വനയാത്രകളിലൂടെ എല്ലാവർക്കും പ്രിയങ്കരനായിരുന്ന ഈ മോന്റെ ദേഹവിയോഗം അനുശോചന വാക്കുകൾക്കപ്പുറം ഹൃദയഭേദകമായിരുന്നു. അതിനാൽ ഇവിടെ വാക്കുകൾക്കു പ്രസക്തിയില്ല. പ്രാർത്ഥനമാത്രം. കുടുംബാംഗങ്ങൾക്ക് ഈ ദുഃഖം താങ്ങുവാനുള്ള കരുത്തുണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു. "മൃത്യോർമാ അമൃതംഗമയ". മനുഷ്യൻ എപ്രകാരമാണോ കീറിമുറിഞ്ഞ വസ്ത്രങ്ങളുപേക്ഷിച്ച്

പുതിയ വസ്ത്രങ്ങൾ ഉടുക്കുന്നത് അതുപോലെ ആത്മാവ് ഉപ യോഗ ശൂന്യമായ ദേഹങ്ങളെ ഉപേക്ഷിച്ച് മറ്റ് പുതിയ ശരീരങ്ങളെ സ്വീകരിക്കുന്നു. ജനിച്ചാൽ മരണം നിശ്ചയമാണ്. മരിച്ചാൽ ജന നവും നിശ്ചയമാണെന്നറിഞ്ഞാലും - ഭഗവത്ഗീത.

3. **ഇന്ദിരാദേവി (78)** :- അച്ഛന്റെ ശിഷ്യയും പിന്നീട് സഹാധ്യാ പികയുമായിരുന്ന ഇന്ദിരാദേവി, വണ്ടാനം വാർദ്ധക്യസംബന്ധമായ അസുഖത്തെ തുടർന്ന് അമൃതയിൽ വെച്ച് അന്തരിച്ചു. ഇടയ്ക്ക് ഒന്നു പോയി കാണാറുണ്ട്. ചിലപ്പോൾ ഫോൺ ചെയ്ത് ഇവിടം വരെ വരാമോ എന്ന് ചോദിക്കും. ഉടൻ തന്നെ ചെന്ന് കുശലം പറഞ്ഞ് മരുന്നും കൊടുത്തു പോരും. എന്തെങ്കിലും പഴവർഗ്ഗങ്ങൾ തന്നുവിടും. മകനോടെന്ന പോലെ എന്നോട് സ്നേഹമുണ്ടായിരു ന്നു. എന്നാൽ അത്രയും തിരിച്ച് നൽകാൻ എനിക്കായില്ല. മരണം എന്ന വാതിൽ കടന്ന് യാത്രപോയ ടീച്ചർക്ക് ഈശ്വരാനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ടീച്ചറുടെ മക്കൾക്കും ഭർത്താവ് കൃഷ്ണപിള്ളച്ചേട്ടനും ശാന്തിയും സമാധാനവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ദർശനത്തിന്റെ പ്രണാമം.

## സ്മരണാഞ്ജലിയിലെ ജൈവാർച്ചനകൾ

ശശീന്ദ്രൻ, പാലാഴി - 300, മോഹനൻ നായർ, കഞ്ഞിപ്പാടം - 200, ചന്ദ്രൻ പുറക്കാട് - 500, അനിരുദ്ധൻ സാർ, കഞ്ഞിപ്പാടം - 200, ഡോ. പത്മകുമാർ - 1000, വിമല ചേച്ചി, ഹരിപ്പാട് - 1000, ജോസഫ്, എടത്വ - 200, കൃഷ്ണൻകുട്ടി നായർ, തയ്യിൽ - 150, ജയൻ കോമള - 1000, അനിത, നീർക്കുന്നം - 100, ഗംഗാദത്തൻ - 100, ബേബി - 100, അഷറഫ് - 500, സാംജോസ് - 500, ഗോപാലൻ, കരുവാറ്റ - 200, ജി.പി.നായർ - 500, അപ്പുക്കുട്ടൻസാർ, ശാസ്താംകോട്ട - 500, ഗോവിന്ദൻ - 250, സതീഷ്ചന്ദ്രൻ - 1000, ബോസ് ചേട്ടൻ - 300, ഗീതസാരസാക്ഷൻ - 1000, സുധീർ - 300, ഗോപാലകൃഷ്ണൻ സാർ - 500, കമാൽ എം. മാക്കിയിൽ - 1000, സനൽകുമാർ - 1000, ശ്രീകുമാരി ചേച്ചി - 500, വിജയകുമാർ, ജയ്പൂർ - 300, ശ്രീജിത്ത്, വട്ടപ്പായിത്ര മേൽശാന്തി - 200. എല്ലാവർക്കും പ്രണാമം.

ജൈവാർച്ചനകൾ കൊണ്ട് സ്മരണാഞ്ജലിയിലെ ചിലവുകൾ മംഗളമായി നടന്നു.

സത്യം

അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

ആകാശവും ഭൂമിയും കടലും നമുക്കു വേണ്ടതെല്ലാം സൗജന്യമായി തരുന്നതു പോലെ നമുക്കും നമ്മുടെ കയ്യിൽ വരുന്നവ സന്തോഷമായി സൗജന്യമായി കൊടുത്തും വാങ്ങിയും ശീലിക്കാം. ജീവിതം ആനന്ദകരമാക്കുക.

## ആഗോള മാനുഷിക ധ്യാനം

ഡിസംബർ 31 ഞായറാഴ്ച വൈകിട്ട് 6ന് നീർക്കുന്നം കടപ്പുറത്ത് നടക്കുന്ന ധ്യാനത്തിലേയ്ക്ക് എല്ലാവർക്കും സ്വാഗതം. അന്നേ ദിവസം 4 മണിക്ക് നീർക്കുന്നത്ത് ധന്യയിൽ യോഗം ചേർന്ന് 5.30ന് കടപ്പുറത്തേയ്ക്ക് നടക്കുന്നു. രാത്രി 8 മണിക്ക് ധന്യയിൽ തിരിച്ചെത്തി അത്താഴം കഴിഞ്ഞ് പിരിയാം.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306